ഇസ്‌ലാമിലെ ആചാര മര്യാദകൾ

അഥവാ

ഇസ്ലാം സംസ്കാരം

3792

3
14
18
3.2.

3792

40 PAISA

എ. മുഹമ്മദുസാഹിബ്

34

ഇസ്‌ലാമിലെ ആചാരമര്യാദകൾ

അഥവാ

ഇസ്ലാം സംസ്കാരം

3792



ഗ്രന്ഥകർത്താ

എ. മുഹമ്മദുസാഹിബ്

40 PAISA

ഒന്നാം പതിപ്പ് 1—1—1127
രണ്ടാം പതിപ്പ് 1—6—1131

(31 Rama)
405 PUSA

കാഷ്ചിറൈറ്റ്

3792.

പ്രസ്താവന

ഇസ്ലാമിന്റെ ആചാരമര്യാദകളേയും സ്വഭാവശുദ്ധീകരണത്തേയും കുറിച്ചു സംക്ഷിപ്തമായി വിവരിക്കുന്നതാണു് ഈ ഗ്രന്ഥം. ഇതിലെ ഉപദേശങ്ങൾ കുട്ടികൾക്കു മാത്രമല്ല പ്രായം ക്കുടിയവർക്കും പ്രയോജനകരമായിട്ടുള്ളതാകുന്നു. മുസ്ലിംകളുടെയിടയിൽ മലയാള വിദ്യാഭ്യാസം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ ഇതുപോലുള്ള ഗ്രന്ഥങ്ങൾ വിദ്യാർത്ഥികൾക്കു് ക്കൂടുതൽ പ്രയോജനകരമായി ഭവിക്കുമെന്നാണു് ഞങ്ങളുടെ വിശ്വാസം.

ധനവാന്മാർ സമുദായസേവനമായി കരുതി ഇസ്ലാം സംസ്കാരത്തിന്റെ സുരക്ഷിതാർത്ഥം ഈ ഗ്രന്ഥത്തിന്റെ ക്കൂടുതൽ കാപ്പി വാങ്ങി സാധുക്കളായ വിദ്യാർത്ഥികൾക്കു വിതരണം ചെയ്യുന്നതു നന്നായിരിക്കും. ഞങ്ങളും കുറച്ചുപ്രതി അപ്രകാരം വിതരണം ചെയ്യാൻ ആഗ്രഹിക്കുന്നു.

തിരുവനന്തപുരം;
1—1—1127.

ഇസ്ലാം സേവകൻ
എ. മുഹമ്മദുസാഹിബു്.

40 PAISA

ഉസ്താദന്മാരുടെ ശ്രദ്ധയ്ക്ക്.

ഈ ഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്ന ഉപദേശങ്ങളും കുട്ടികളെ ഗ്രഹിപ്പിക്കുന്നതിനോടൊപ്പം അവയെ അവർ പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതിനു യത്നിക്കേണ്ടതും ഉസ്താദിന്റെ ചുമതലയാകുന്നു. എന്തുകൊണ്ടെന്നാൽ കുട്ടികളുടെ സ്വഭാവനന്മയ്ക്കു ഉത്തരവാദിത്വം വഹിയ്ക്കേണ്ടതു ഉസ്താദാകുന്നു. ഈ ലോകത്തു മാത്രമല്ല അന്ത്യനാളിൽ പരലോകത്തു അല്ലാഹുത്ത ആലായുടെ തിരുസന്നിധിയിലും ഉസ്താദിനോടു ഇതിനെപ്പറ്റി ചോദ്യമുണ്ടാകും. ഇത്രയും ഗൌരവമേറിയ കൃത്യം വഹിക്കേണ്ട ഉസ്താദ് സ്വന്തം നടപടി ക്രമങ്ങളേയും സ്വഭാവത്തേയും നന്നാക്കേണ്ടതു് എത്രയും ആവശ്യമാകുന്നു. സ്വയം നന്നാകാതെ അന്യരെ നന്നാക്കാൻ കഴിയുന്നതല്ല എന്നുള്ളതു വിസ്മരിക്കാവതല്ല. സ്വയം പ്രവർത്തിക്കാതെ അന്യരെക്കൊണ്ടു പ്രവർത്തിപ്പിക്കുവാൻ യത്നിക്കുന്നതു ദുഷിച്ച സ്വഭാവമാകുന്നു. അതിനാൽ അധ്യാപനത്തിന്റെ പരിപാവനതയെ സമാദരിച്ചു കർത്തവ്യബോധവും കാര്യക്ഷമതയും ആലംബമാക്കി നിതരാം പരിശ്രമിക്കുക. അല്ലാഹു നിങ്ങളെ അനുഗ്രഹിക്കും.

"കഴിയുന്നത്ര ഈ ഗ്രന്ഥത്തിന്റെ പ്രതികൾ വാങ്ങി ഇസ്ലാം സംസ്കാരത്തെ പ്രചരിപ്പിക്കുക".

3792

ഇസ്‌ലാമിലെ ആചാരമര്യാദകൾ

അഥവാ

ഇസ്ലാം സംസ്കാരം

ബി

പാഠം 1

മാതാപിതാക്കന്മാർ

മാതാപിതാക്കന്മാരെ അനുസരിക്കേണ്ടതും അവരോട് സ്നേഹമായും മര്യാദയായും പെരുമാറേണ്ടതും ആവശ്യമാകുന്നു. മാതാപിതാക്കന്മാർ എന്തെങ്കിലും കാര്യത്തിൽ കോപം പ്രകടിപ്പിച്ചാൽ അതു നമ്മുടെ നന്മക്കു വേണ്ടി മാത്രമാണെന്നു മനസിലാക്കേണ്ടതാണു്. അവരുടെ ആജ്ഞയ്ക്കു വിപരീതം പ്രവർത്തിക്കുന്നതു സ്വന്തം കാലിൽ കോടാലികൊണ്ടു വെട്ടുന്നതിനു തുല്യമാകുന്നു. തന്നെക്കാൾ പ്രായം ക്കുടിയവരുടെ വാക്കുകളെ ഗണ്യമാക്കാതെയും മാതാപിതാക്കന്മാരുടെ ആജ്ഞകളെ അനുസരിക്കാതെയും നടക്കുന്നവൻ അന്യരുടെ ദൃഷ്ടിയിൽ പരിഹാസ്യനായിത്തീരും. മാതാപിതാക്കന്മാർ നമുക്കൊരനുഗ്രഹമാണു്. അല്ലാഹു കഴിഞ്ഞാൽ ബഹുമാനിക്കേണ്ടവരിൽ മാതാപിതാക്കന്മാക്കു് വലിയൊരു സ്ഥാനമുണ്ടു്. നമ്മുടെ ജനനത്തിനും വളർച്ചയ്ക്കും വിദ്യാഭ്യാസത്തിനും മാത്രമല്ല നമ്മുടെ സ്ഥാനത്തിനും:അവരാണു് മൂലകാരണം. നാം മാതാവിന്റെ ഗർഭത്തിലായിരുന്ന

പ്പോൾ മാതാവ് എന്തെല്ലാം കഷ്ടതകൾ അനുഭവിച്ചിരിക്കണം? പ്രസവിച്ചശേഷം അവർ നമുക്കു പാൽ തന്നു വളർത്തി. ആ സമയത്തു് വിശ്രമവും സുഖവും അവർ ആഗ്രഹിച്ചില്ല. ഉറക്കത്തെപ്പോലും നമുക്കു വേണ്ടി അവർ ഉപേക്ഷിച്ചു. അവരുടെ ശ്രദ്ധ നമ്മുടെമേൽ മാത്രമായിരുന്നു.

മുലകുടി പ്രായം കഴിഞ്ഞശേഷവും അവർ നമ്മുടെ കായ്ത്തിൽ അവരുടെ സുഖസൌകര്യങ്ങളെത്തന്നെയും ഉപേക്ഷിച്ചു ശ്രദ്ധിച്ചുവന്നു. അവരുടെ ശ്രമഫലമായുണ്ടായ ധനം മുഴുവൻ നമ്മുടെ വിദ്യാഭ്യാസത്തിനുവേണ്ടി ചെലവഴിക്കുന്നു. വിദ്യ അഭ്യസിച്ചു നാം ഏതെങ്കിലും ജീവിതമാർഗ്ഗം സമ്പാദിക്കുമ്പോൾ അവർ അവരുടെ ശ്രമം ഫലിച്ചതിനാലുള്ള ചാരിതാർത്ഥ്യത്തിൽ ആനന്ദപുളകം കൊള്ളും.

പ്രിയപ്പെട്ട കുഞ്ഞുങ്ങളെ ! നിങ്ങൾ മാതാപിതാക്കന്മാരുടെ ആജ്ഞയ്ക്കു അല്പംപോലും വിപരീതം പ്രവർത്തിക്കരുതു്. നിങ്ങളുടെ നന്മ അതിലാണു് സ്ഥിതി ചെയ്യുന്നതു്. അവരെ ശുശ്രൂഷിച്ചാൽ പ്രതിഫലം സ്വർഗ്ഗമാണു്. അല്ലാഹുവും അവന്റെ റസൂലും നിങ്ങളിൽ തൃപ്തിപ്പെടും. മാത്രമല്ല ലോകരെല്ലാം നിങ്ങളെ സ്നേഹിക്കയും ചെയ്യും. മാതാപിതാക്കന്മാർ കഴിഞ്ഞാൽ അടുത്ത സ്ഥാനം ഗുരുഭ്രതന്മാർക്കാണു് അവരെക്കൊണ്ടും നമുക്കു വലുതായ നന്മയുണ്ടാകുന്നുണ്ടു്. മൂഢീയതയിൽ നിന്നും മനുഷ്യത്വത്തിലേക്കു നമുക്കു് വഴി കാണിച്ചതു് അവരാണു്. നമുക്കു അറിവും സ്വഭാവശുദ്ധിയും ലഭിച്ചതു് അവരിൽ നിന്നത്രേ. സജ്ജനസാഹചര്യത്തിനുള്ള പരിസരങ്ങളും ഉണ്ടാക്കിത്തന്നതു് അവരാണു്. നല്ലതും ചീത്തയും തിരിച്ചറിയാൻ നമുക്കു് ശക്തിയുണ്ടാ

ക്കിത്തന്നതും അവരാണ്. നല്ലതും ചീത്തയും തിരിച്ചറിയാൻ നമുക്ക് ശക്തിയുണ്ടാക്കിത്തന്നതും അവരാണ്. നന്മതിന്മകളെ തിരിച്ചറിയുന്നതിനുവേണ്ട കഴിവും സംസ്കാരവും മറ്റും അവരിൽനിന്നാണ് ലഭിക്കുന്നതെന്നുള്ളതു് വിസ്മരിക്കാവതല്ല.

"മാതാപിതാക്കന്മാരുടെ പാദത്തിലാകുന്നു സ്വർഗ്ഗം സ്ഥിതിചെയ്യുന്നതു്."

"പാപങ്ങളിൽ ഏറ്റവും വലിയ പാപം അല്ലാഹുവിനു സമന്മാരെ ഉണ്ടാക്കുന്നതും മാതാവിനോടു് അനുസരണക്കേടു കാണിക്കുന്നതും കള്ളസ്സാക്ഷി നില്ക്കുന്നതും ആകുന്നു."

"പിതാവു സ്വർഗ്ഗത്തിന്റെ വാതിലുകളിൽ മദ്ധ്യവാതിലാകുന്നു. പിതാവിനെ അനുസരിക്കാതെ അതു പ്രധാന മാർഗ്ഗത്തെ അടയ്ക്കുകയോ അല്ലെങ്കിൽ പിതാവിനെ അനുസരിച്ചു സ്വർഗ്ഗവാതിലിനെ തുറക്കുകയോ ചെയ്യുന്നതു നിങ്ങളുടെ ഇഷ്ടമാകുന്നു."

"അല്ലാഹുവിന്റെ തൃപ്തി നിങ്ങളുടെ പിതാവിന്റെ തൃപ്തിയെ ആശ്രയിച്ചിരിക്കുന്നു. പിതാവിന്റെ കോപത്തിനു പാത്രമാകുന്നവൻ അല്ലാഹുവിന്റെ കോപത്തിനു പാത്രമാകും."

പാഠം 2

സൽസ്വഭാവം

ഇരുലോകത്തിന്റേയും നേതാവായ നബി (സ) മുഖേനയാണ് ഇസ്ലാമിയ വിജ്ഞാനങ്ങളും ലോകത്തു പ്രത്യക്ഷപ്പെട്ടതു്. അതിന്റെയെല്ലാം ചുവട്ട് ഖുർ

ആത്മാവ് ശരീഫാകുന്നു. ഈ കാരണത്താലാണ് നബി (സ) പഠിപ്പിച്ചിട്ടുള്ള കാര്യങ്ങളെയെല്ലാം ഇസ്ലാമിയ കാര്യങ്ങളാം എന്നു പറയപ്പെടുന്നതു്. സൽസ്വഭാവത്തെസംബന്ധിച്ചു നബി (സ) പറഞ്ഞിട്ടുള്ള ഹദീസുകളെപ്പറ്റി ചിന്തിക്കുമ്പോൾ വിശ്വാസവും സ്വഭാവവും അന്യോന്യം അകലാത്ത നിലയിൽ ബന്ധപ്പെട്ടു നിൽക്കുന്നതായി കാണാൻ കഴിയും. സൽസ്വഭാവം ക്രൂരതയെയുള്ള ഇസ്ലാം നിർജ്ജീവമായ ഒരു ശരീരംപോലെയാകുന്നു. ഒരു ഹദീസിൽ, ഇസ്ലാമിനേയും ഈമാനേയും പൂർണ്ണമാക്കുന്നതു സൽസ്വഭാവമാണെന്നു പറയുമ്പോൾ മറെറാരു ഹദീസിൽ ഇസ്ലാം എന്നതു സൽസ്വഭാവം തന്നെയാണെന്നു പ്രസ്താവിച്ചിരിക്കുന്നു. ചിലപ്പോൾ മതത്തിന്റെ പരിശുദ്ധിയെ സ്വഭാവ പരിശുദ്ധിയായി നിർണ്ണയിച്ചിരിക്കുന്നു. ഒരു സ്ഥാനത്തു ആരാധനയെ സ്വീകരിക്കുന്നതിനു സ്വഭാവപരിശുദ്ധിയെ അടിസ്ഥാനമാക്കുമ്പോൾ മറെറാരു സ്ഥാനത്തു മനുഷ്യന്റെ സൗഭാഗ്യത്തിനു് സൽസ്വഭാവത്തെ നിദാനമാക്കിയിരിക്കുന്നു. കളവുപറയുക, ചതിക്കുക മുതലായ ദുസ്വഭാവങ്ങളാം ഈമാനോടുകൂടി ഒരു ഹൃദയത്തിൽ ഏകീഭവിക്കയില്ല. സത്യവിശ്വാസിയായ ഒരാളിനു് ചതിവു് ചെയ്യാൻ കഴിവുണ്ടാകയില്ലെന്നു് റസൂൽ (സ) പറഞ്ഞിട്ടുണ്ടു്. സൽസ്വഭാവങ്ങളെ പൂർണ്ണമാക്കുന്നതിനാണു് എന്നെ നിയോഗിക്കപ്പെട്ടതെന്നും അദ്ദേഹം അരുളിച്ചെയ്തിരിക്കുന്നു.

നിങ്ങളാം ഒരാളിനെ സുന്ദരനാണെന്നു പറയുന്നു. അതു അയാളുടെ കണ്ണു്, കാതു്, മൂക്കു്. കൈകാലുകളാം തുടങ്ങിയ അവയവങ്ങളുടെ ഭംഗിയും അയാളുടെ ബാഹ്യരൂപത്തിന്റെ ആകർഷണീയതയും കൊണ്ടാകുന്നു. ഇതുപോലെതന്നെ മനുഷ്യനിൽ അന്തരമായി സ്ഥിതിചെ

യുന്ന ഗുണങ്ങളെ കണ്ണുകൊണ്ടു കാണാൻ കഴിയുകയില്ല. അവ ബുദ്ധിയോടു ബന്ധിക്കപ്പെട്ടിരിക്കുന്നു. ഇതിൽ പ്രധാനമായതു് (1) ജ്ഞാനം (2) കോപം (3) കാമം (4) നീതിബോധം ഇവയാകുന്നു.

സത്യം, അസത്യം, അബദ്ധം, സുബദ്ധം, നല്ലതു, തീയതു് എന്നീ കാര്യങ്ങളെ വേർതിരിച്ചറിയുന്നതിനു ജ്ഞാനം ഉപകരിക്കുന്നു.

കോപത്തെ ബുദ്ധിയുടെ നിയന്ത്രണത്തിൽ വരുത്തണം. അതായതു കോപമുണ്ടാകുമ്പോൾ നല്ലതുപോലെ ആലോചിച്ചു പ്രവർത്തിക്കണം. കോപം ആവശ്യമെന്നു തോന്നുമ്പോൾ കോപിക്കുകയും ആവശ്യമില്ലാത്ത സ്ഥാനത്തു് അതിനെ നിയന്ത്രിക്കുകയും ചെയ്യുന്നതിനു് ബുദ്ധി സഹായിക്കുന്നു.

കാമശക്തിയെ ശ്രദ്ധേയും ബുദ്ധിയുടേയും ഇഷ്ടമനുസരിച്ചു പ്രവർത്തിപ്പിക്കണം. ഒരാൾ ഏതെങ്കിലും ഒരു വസ്തുവിനെ ആഗ്രഹിക്കുന്നതായാൽ ഈ ആഗ്രഹം ശരീരത്തിനു് യോജിച്ചതോ അല്ലയോ എന്നു് ആദ്യമായി ചിന്തിക്കണം. ബുദ്ധി അതു ഇഷ്ടപ്പെടുന്നുണ്ടോ എന്നുള്ളതും ചിന്തിക്കേണ്ടതാണു്. ശരീരത്തും ബുദ്ധിയും ഇഷ്ടപ്പെടുന്നതായാൽ ആ ആഗ്രഹത്തെ പൂർത്തിയാക്കണം. അല്ലെങ്കിൽ അതിൽനിന്നും ഒഴിഞ്ഞു മാറണം.

കോപത്തേയും കാമത്തേയും ബുദ്ധിക്കു അനുസരണയുള്ളതാക്കി തീർക്കുകയാകുന്നു നീതിബോധം. മേൽപ്പറഞ്ഞ നാലു ഗുണങ്ങളും ഏതൊരാളിൽ കാണപ്പെടുന്നുവോ അവനാണു് സൽസ്വഭാവി. ഇതിൽ ഏതെങ്കിലും ഒന്നിനു കുറവു സംഭവിക്കുന്നതായാൽ അവന്റെ അവസ്ഥ ശോചനീയമായി തീരുന്നതാണു്.

സൽസ്വഭാവത്തിന്റെ ലക്ഷണങ്ങൾ

(1) ഒരുവൻ തനിയ്ക്കിഷ്ടപ്പെടുന്നതിനെ മാത്രമേ തന്റെ സഹോദരനു വേണ്ടി ഇഷ്ടപ്പെടാവൂ.

(2) ലജ്ജ എന്ന മഹത്തായ ഗുണം ഉണ്ടായിരിക്കണം.

(3) ആരെയും ബുദ്ധിമുട്ടിക്കരുതു്. ആരുടെ വിഷയത്തെയും വേദനപ്പെടുത്തരുതു്.

(4) എപ്പോഴും സത്യം പറയുക.

(5) സംസാരത്തെ കുറയ്ക്കുകയും പ്രവൃത്തിയെ അധികരിപ്പിക്കയും തെറ്റുകൾ അധികമുണ്ടാകാതെ സൂക്ഷിക്കുകയും ചെയ്യുക.

(6) നന്മ ചെയ്യുന്നവനായിരിക്കുക.

(7) അലിവുണ്ടായിരിക്കുക. കഠിനത ചെയ്യുന്നവനാകാതിരിക്കുക.

(8) ശുദ്ധിയുള്ളവനായിരിക്കുക.

(9) ജനങ്ങളോടു കൃപകാണിക്കുക. നന്മകൊണ്ടു ജനങ്ങളോടു പെരുമാറുക.

(10) കുടുംബത്തെക്കുറിച്ചു സ്നേഹമുണ്ടായിരിക്കുക.

(11) ഘനഭാവം, ക്ഷമ, കൃതജ്ഞത, സമാധാനം എന്നിവ ഉള്ളവനായിരിക്കുക.

(12) ജനങ്ങളെ ചീത്ത പറയാതിരിക്കുക.

(13) പരദൂഷണം ചെയ്യാതിരിക്കുക.

(14) എല്ലാ സംഗതികളും സൂക്ഷിച്ചു പ്രവർത്തിക്കുക.

(15) ലുബ്ധു്, അസൂയ ഇതുകളിൽ നിന്നും പരിശുദ്ധനായിരിക്കുക.

3792

(16) എപ്പോഴും മുഖപ്രസന്നതയുണ്ടായിരിക്കുക.

(17 സ്നേഹവും ശത്രുതയും സത്യത്തെ സംബന്ധിച്ചായിരിക്കുക.

(18) ഒരാൾ പൂർണ്ണമുസ്ലിം ആയിത്തീരണമെങ്കിൽ സ്വഭാവത്തെ നന്നാക്കേണ്ടതാകുന്നു.

(19) സൽസ്വഭാവം വിശ്വാസത്തിന്റെ പൂർണ്ണതയ്ക്ക് അത്യന്താപേക്ഷിതമാകുന്നു.

(20) മനുഷ്യരിൽ ഏറ്റവും നല്ലവൻ സൽസ്വഭാവമുള്ളവനാണ്.

(21) അമലുകളിൽ ഏറ്റവും നല്ല അമൽ സൽസ്വഭാവമാകുന്നു.

(22) മതത്തിന്റെ നന്മ സൽസ്വഭാവത്തോട് ബന്ധിച്ചിരിക്കുന്നു.

(23) നല്ല സ്വഭാവത്തെ നിർബ്ബന്ധമായി സ്വീകരിക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ മനുഷ്യരിൽ സൽസ്വഭാവമുള്ള ഒരുവന്റെ 'ദീൻ' എത്രയും നല്ലതായിരിക്കും.

(24) സൽസ്വഭാവം മനുഷ്യന്റെ സൌഭാഗ്യമാകുന്നു. ദുസ്വഭാവം അവന്റെ നിർഭാഗ്യവുമാകുന്നു.

(25) സൽസ്വഭാവം ഉണ്ടായിരിക്കുകയെന്നുള്ളത് അല്ലാഹുവിന്റെ സ്നേഹത്തിനു തെളിവാകുന്നു. ദുസ്വഭാവം ഉണ്ടായിരിക്കുന്നത് അല്ലാഹുവിന്റെ കോപത്തിനു തെളിവാണ്.

(26) താൻ ഇഷ്ടപ്പെടുന്ന ഒന്നിനെ അവന്റെ സഹോദരനു വേണ്ടി ഇഷ്ടപ്പെടുന്നതുവരെ ഒരുവൻ യഥാർത്ഥ വിശ്വാസിയായിത്തീരുന്നില്ല.

(27) എല്ലാവരെയും സ്നേഹിക്കുകയും, സജ്ജനങ്ങൾക്കും ദുർജ്ജനങ്ങൾക്കും നന്മ ചെയ്യുകയും ചെയ്യുന്നതു് വിശ്വസിച്ച ശേഷമുള്ള ഒരുവന്റെ ബുദ്ധിയുടെ ഉയർന്ന അവസ്ഥയെ കുറിക്കുന്നു.

28) നിങ്ങളുടെ ആരാധനകൾ മറ്റുള്ളവരിൽ നിന്നും വിശിഷ്ടമായിരിക്കാൻ വേണ്ടിയും സ്വഭാവങ്ങൾ അന്യർക്ക് മാതൃകയായിരിക്കുന്നതിനു വേണ്ടിയും എല്ലാ ജനങ്ങളോടും നന്ദിചെയ്യുക.

(29) വിനാകിരി തേനിനെ ദുഷിപ്പിക്കുന്നതു പോലെ ദുസ്വഭാവം അവന്റെ അമലുകളെ ദുഷിപ്പിക്കുന്നു.

(30) സഹോദരങ്ങളുടെ നേരെ മുഖം ചുളിച്ചു കാണിക്കുന്ന ഒരുവനെ അല്ലാഹു സന്തോഷത്തോടുകൂടി നോക്കുകയില്ല.

(31) എല്ലാ പാപങ്ങൾക്കും തൌബായുണ്ടു്. എന്നാൽ ദുസ്വഭാവത്തിനു തൌബയില്ല.

(32) ദുസ്വഭാവിയായ ഒരുത്തനാകുന്നു നിങ്ങളിൽ ഏറ്റവും ദുഷിച്ചവൻ.

ഇതുപോലെയും ഉപദേശങ്ങളെ പഠിക്കുമ്പോൾ സൽസ്വഭാവത്തിനു ഇസ്ലാം നൽകിയിട്ടുള്ള ഉൽക്കൃഷ്ടത സുസ്പഷ്ടമാകുന്നതാണു്. ഈമാനിന്റേയും ഇസ്ലാമിന്റേയും പൂർണ്ണത, മതത്തിന്റെ നന്മ, മനുഷ്യന്റെ ഉൽക്കൃഷ്ടത എന്നിവ സൽസ്വഭാവത്തിൽ അടിയുറച്ചതായി കാണാൻ കഴിയും. ഇസ്ലാമിന്റെ സാക്ഷാലുള്ള മഹത്വം തന്നെയും സൽസ്വഭാവത്തോടു ബന്ധിച്ചിരിക്കുന്നു. ഇസ്ലാമിന്റെ പ്രാരംഭദശയിൽ ഇസ്ലാം അതിന്റെ നിഷ്കളങ്കരൂപത്തിൽ ലോകസമക്ഷം പ്രത്യക്ഷപ്പെട്ടപ്പോൾ ജനങ്ങൾ അനാവശ്യവും ദുഷിച്ചതുമായ നടപടികളെ

ഉപേക്ഷിച്ചു യഥാർത്ഥമാർഗ്ഗത്തെ സ്വീകരിച്ചു. സ്വഭാവസംസ്കാരണത്തിലാണ് മനുഷ്യന്റെ ഉൽകൃഷ്ടത സ്ഥിതിചെയ്യുന്നതെന്നു അവർ ഗ്രഹിക്കുകയും ചെയ്തു. തന്നിമിത്തം താഴ്ന്ന രീതിയിൽ ഗണിക്കപ്പെട്ടിരുന്ന പലരും സ്വഭാവശുദ്ധിയാൽ ഉന്നതപദവിയെ പ്രാപിച്ചു. ആ കാലത്തു് ഉൽക്കൃഷ്ടതക്കു് ഉരകല്ലായി കരുതിയിരുന്നതു സ്വഭാവത്തിന്റെ പരിശുദ്ധി തന്നെയായിരുന്നു. ഏതു സമുദായത്തിൽപ്പെട്ടവനാണെങ്കിലും ഒരുവനു സ്വഭാവപരിശുദ്ധികൊണ്ടു് ഉന്നതസ്ഥാനത്തു എത്തിച്ചേരാൻ കഴിയും. നബി(സ)യുടെ സമുദായത്തിൽപെട്ട അധമരായ പലരും ഈ വിധത്തിൽ ഉത്തമരായിതീർന്നു. ഇസ്ലാംലോകം അവരെ ബഹുമാനപുരസ്സരം ഇന്നും കീർത്തിക്കുന്നു. അവർ ലോകത്തു സൂര്യചന്ദ്രന്മാർക്കു തുല്യം അവരുടെ കീർത്തിധവളിമ പരത്തുന്നു. സ്വഭാവത്തെ പരിപൂർണ്ണതയിൽ എത്തിക്കുവാൻ ഇസ്ലാംമതത്തിനു സാധ്യമായതുപോലെ മറെറാരു മതത്തിനും സാധിച്ചിട്ടില്ല; സാധിക്കുകയുമില്ല.

പാഠം 3

നബി (സ)യുടെ സ്വഭാവമാതൃക.

നബി (സ)യുടെ സ്വഭാവത്തെ വിവരിക്കുന്നതിനു മുമ്പായി അദ്ദേഹത്തിന്റെ സ്വഭാവത്തിന്റെ മാതൃകയെ വിശദമാക്കാം. റസൂൽ (സ)നോടു വളരെക്കാലം സഹകരിച്ചിരുന്ന മഹാന്മാർ വിവരിച്ചിട്ടുള്ളതിനെയാണു് താഴെ ചേർക്കുന്നതു്. ലോകത്തു ഒരു മനുഷ്യന്റെ രഹസ്യങ്ങളും അയാളുടെ ഭാര്യയെക്കാളും കൂടുതൽ അറി

യുന്നവർ ആരെങ്കിലും ഉണ്ടായിരിക്കുമോ ? ഖദീജത്തിൽ കുബ്റാ (റ) നബി(സ)യോടൊക്കുടി നബിത്വത്തിനു മുമ്പും പിമ്പുമായി ഇരുത്തപഞ്ചുകൊല്ലം സഹവസിച്ചിരുന്നു. നബി(സ)യ്ക്കു 'വഹി'യുടെ ആരംഭത്തിൽ ഭയം ഉണ്ടായപ്പോൾ അവർ അദ്ദേഹത്തെ ഇപ്രകാരം ആശ്വസിപ്പിച്ചു: അല്ലാഹു അങ്ങയെ ഒരിക്കലും ദുഃഖിപ്പിക്കയില്ല. എന്തുകൊണ്ടെന്നാൽ അങ്ങു കുടുംബത്തെ സ്നേഹിക്കുന്നു. അഗതികളെ സഹായിക്കുന്നു. ആപത്തിൽ അങ്ങ് ജനങ്ങളെ സഹായിക്കുന്നു.

ഫസ്രത്തു ആയിഷാ (റ) ഇപ്രകാരം പറഞ്ഞിരിക്കുന്നു. നബി സല്ലല്ലാഹുഅലൈഹിവസല്ലം തിന്മയ്ക്കു പകരം തിന്മ ചെയ്യാതെ അതിനു മാപ്പു ചെയ്തിരുന്നു. ഒണ്ടു കായ്യും ഒരേ സമയത്തു നേരിട്ടന്നതായാൽ നബി (സ) അതിൽ എളുപ്പമുള്ളതിനെ തിരഞ്ഞെടുത്തിരുന്നു. എന്നാൽ അ എളുപ്പമുള്ള സംഗതി ദോഷമുള്ളതാണെന്നുകണ്ടാൽ അതിനെയും അദ്ദേഹം ഉപേക്ഷിച്ചിരുന്നു. സ്വന്തം കായ്യത്തെ സംബന്ധിച്ചപോലും നബി (സ) ആരോടും പ്രതിക്രിയയ്ക്കു ഒരുമ്പെട്ടിരുന്നില്ല. എന്നാൽ അല്ലാഹുവിന്റെ നിയമങ്ങൾക്കു ആരെങ്കിലും എതിരു ചെയ്യുന്നതായാൽ അവനെ അല്ലാഹുവിന്റെ കല്പനയ്ക്കു നസരിച്ചു അദ്ദേഹം ശിക്ഷിച്ചിരുന്നു. ഒരു മുസ്ലിമിനെയും അദ്ദേഹം ശപിച്ചിട്ടില്ല. ഭൃത്യനെയോ പരിചാരികയേയോ എന്നല്ല ഒരു മൃഗത്തെപോലും അദ്ദേഹം അടിച്ചിട്ടില്ല. ആരുടേയും അപേക്ഷയെ അദ്ദേഹം നിരസിച്ചിട്ടില്ല. വീട്ടിനുള്ളിൽ വച്ചു മാത്രമേ അദ്ദേഹം ചിരിക്കുമായിരുന്നുള്ളൂ. സഹാബികളുടെ ഇടയിൽ അദ്ദേഹം കാലു നീട്ടി ഇരിക്കുകയില്ലായിരുന്നു. പരുഷസ്വരം സംഭാഷണമദ്ധ്യേ അദ്ദേഹത്തിൽ നിന്നും ഒരിക്കലും ഉണ്ടാകുമായിരുന്നില്ല.

ബാല്യകാലം മുതൽ നബി (സ) യുടെ സംരക്ഷണയിൽ വളർന്നിരുന്ന ഹസ്രത്തു അലി പറഞ്ഞിട്ടുള്ളതു നോക്കുക. മുഖപ്രസന്നത, ദയ, കൃപ എന്നിവ നബി (സ) യിൽ സവിശേഷം പ്രശോഭിച്ചിരുന്നു. സ്വഭാവകാഠിന്യമോ, ഹൃസ്വമനസ്സോ അദ്ദേഹത്തിനുണ്ടായിരുന്നില്ല. അദ്ദേഹം ഒരിക്കലും ക്ഷുഭിതനായി ഭവിച്ചിട്ടില്ല. ഒരു ചീത്തവാക്കും അദ്ദേഹത്തിന്റെ നാവിൽനിന്നു പുറപ്പെട്ടിട്ടില്ല. ആരെപ്പറ്റിയും ദൂഷണം അദ്ദേഹം പറഞ്ഞിട്ടില്ല. ആരെങ്കിലും അപ്രകാരം പറയുന്നതു കേട്ടാൽ നബി (സ) അതിനെ വിരോധിച്ചിരുന്നു. എന്തെങ്കിലും സാധനം ആവശ്യപ്പെട്ടുകൊണ്ടു അദ്ദേഹത്തെ സമീപിക്കുന്നവർ നിരാശരായി മടങ്ങേണ്ടി വന്നിട്ടില്ല.

മൂന്നു സംഗതികളിൽ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. (1) വാശ്ദാനം. (2) ആവശ്യത്തിൽ കൂടുതലുള്ള സംസാരം. (3) ആവശ്യമില്ലാതുള്ള സംസാരം.

ജനങ്ങളെ സംബന്ധിച്ചു മൂന്നു കാര്യങ്ങളെ അദ്ദേഹം സൂക്ഷിച്ചിരുന്നു. (1) അദ്ദേഹം ആരേയും ദൂഷിച്ചിരുന്നില്ല. (2) ആരുടെ കുറ്റത്തേയും പ്രത്യക്ഷമാക്കിയിട്ടില്ല. (3) ആരുടേയും ആന്തരമായ സംഗതികളെ അറിയുവാൻ ശ്രമിച്ചിട്ടില്ല. പ്രയോജനകരമായ വാക്കുകൾ മാത്രമേ നബി (സ) പറഞ്ഞിരുന്നുള്ളൂ. അദ്ദേഹം സംസാരിക്കുമ്പോൾ സഹാബികൾ തല കുനിച്ചു സമാധാനമായി കേട്ടുകൊണ്ടിരിക്കും. ഒരു വാക്കു സ്പഷ്ടമായി ഉച്ചരിച്ചശേഷമേ അദ്ദേഹം മറ്റൊന്നു പറയുമായിരുന്നുള്ളൂ. ജനങ്ങൾ അദ്ദേഹത്തിന്റെ സംഭാഷണത്തിൽ ചിരിക്കുന്ന സമയത്തു് അദ്ദേഹം പുഞ്ചിരിതൂകിയിരുന്നു. അദ്ദേഹത്തോടു ആരെങ്കിലും ആവശ്യത്തിലധികം സംസാരിക്കുന്നതായാലും അദ്ദേഹം ക്ഷമയോടെ

കേട്ടുകൊണ്ടിരിയ്ക്കും. അദ്ദേഹത്തിന്റെ മുമ്പിൽ നിന്ന് സ്തുതിക്കുന്നതിനെ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. നബിയുടെ നന്മയ്ക്ക് ആരെങ്കിലും നന്ദി പ്രകടിപ്പിക്കുന്നതായാൽ അതിനെ അദ്ദേഹം സ്വീകരിച്ചിരുന്നു. ഒരുദാഹരണം സത്യം, ദയ, സംതൃപ്തി എന്നിവയുടെ വിളനിലമായിരുന്ന അദ്ദേഹത്തിന്റെ ഹൃദയം. അവിചാരിതമായി കണ്ടുമുട്ടുന്ന ഒരാൾ അദ്ദേഹത്തിന്റെ മുമ്പിൽ ഭയപ്പെട്ടിരുന്നു. നബി (സ) യെക്കുറിച്ചുള്ള അറിവ് എത്രത്തോളം നമുക്കുണ്ടാകുന്നുവോ അത്രത്തോളം അദ്ദേഹത്തിൽ നമുക്കു സ്നേഹവും വർദ്ധിക്കും.

പാഠം 4

ദുസ്വഭാവം

ഒരുവൻ അവന്റെ സൽസ്വഭാവങ്ങളാൽ നിമിത്തം ജനങ്ങളുടെ സ്നേഹഭാജനമായി തീരുന്നതുപോലെ മറ്റൊരുവൻ ദുസ്വഭാവങ്ങളാൽ ജനങ്ങളുടെ മുമ്പിൽ നിന്ദ്യനും നീചനുമായിത്തീരുന്നു. ചിലർക്ക് ജനങ്ങളോടുള്ള സഹകരണത്തിനും സൗഭാഗ്യജീവിതത്തിനും തടസ്സമാകുന്ന ചില ദുസ്വഭാവങ്ങൾ ഉണ്ട്. അവർ നിന്ദ്യരും നീചരുമായി ഗണിക്കപ്പെടുന്നു. ദുസ്വഭാവം അവരെ മൃഗതുല്യരാക്കുന്നു. ഗുണദോഷവിവേചനം കൂടാതെ മൃഗങ്ങളെപ്പോലെ ഇവരും പ്രവർത്തിക്കുന്നു. ഇവർക്കും മൃഗങ്ങൾക്കും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ല. സൽസ്വഭാവമുള്ള ജനങ്ങളുടെ എണ്ണം വളരെ കുറവായിരിക്കുന്നു. സജ്ജനങ്ങളുമായുള്ള സഹവാസംകൊണ്ടു ദുസ്വഭാവങ്ങൾക്കു മാറ്റമുണ്ടാകാവുന്നതാണ്. എന്നാൽ സൽസ്വഭാവത്തെയും ദുസ്വഭാവത്തെയും വേർതിരിച്ചറിയു

ന്നതിനു് ഇണദോഷവിവേചനശക്തി അത്യന്താപേക്ഷിതാമാകുന്നു. മനുഷ്യനെ നാശഗർത്തത്തിൽ ചാടിക്കുന്നതിനു കാരണമാകുന്ന ദോഷങ്ങളെ താഴെ വിവരിക്കുന്നു.

നാവിൽനിന്നും സംഭവിക്കുന്ന ദോഷങ്ങൾ

നാവിനാൽ വളരെ ദോഷങ്ങൾ ഉണ്ടാകുന്നുണ്ടു്. ആവശ്യമില്ലാത്ത വാക്കുകൾ പറയുക, ശരീഅത്തിനു വിപരീതമായി സംസാരിക്കുക, ന്യായമല്ലാതുള്ള വിവാദങ്ങൾ നടത്തുക, ഭംഗിവാക്കു പറയുക, അസഭ്യം പറയുക, അന്യരുടെ രഹസ്യത്തെ വെളിപ്പെടുത്തുക, കള്ളം പറയുക, കള്ളസത്യം ചെയ്യുക, കള്ളസ്സാക്ഷി പറയുക, പരദൂഷണം, മുഖസ്തുതി, അല്ലാഹുവിന്റെ ദാത്തിനെ സംബന്ധിച്ചും സിഫത്തിനെക്കുറിച്ചും ഊഹിച്ചു സംസാരിക്കുക, പണ്ഡിതന്മാരോടു ആവശ്യമില്ലാത്ത ചോദ്യങ്ങൾ ചോദിക്കുക തുടങ്ങിയുള്ളവ ഇതിൽ ഉൾപ്പെടുന്നു.

മേല്പറഞ്ഞ ദുസ്വഭാവങ്ങളെ അകറ്റുന്നതിനുള്ള ചികിത്സ ഇപ്രകാരമായിരുന്നു. എന്തെങ്കിലും സംസാരിക്കുന്നതിനു മുമ്പായി അതു് അല്ലാഹുവിനു് ഇഷ്ടപ്പെട്ട താണോ അല്ലയോ എന്നു സ്വയം ചിന്തിക്കണം. ഇഷ്ടപ്പെട്ടതല്ലെങ്കിൽ ഉപേക്ഷിക്കുകതന്നെ വേണം.

കോപം

ആക്കു് വല്ലിച്ചു കോപമുണ്ടാകുമ്പോൾ അവന്റെ ഹൃദയത്തിലെ രക്തം പ്രതികാരേച്ഛയാൽ തിളച്ചു തുടങ്ങുന്നു. അതിനു പ്രതിവിധി താഴെ ചേർക്കുന്നു. കോപമുണ്ടാകുമ്പോൾ അവൻ ഇപ്രകാരം ചിന്തിക്കണം. എന്നെക്കാൾ കൂടുതൽ ശക്തി അല്ലാഹുതആലായ്ക്കുണ്ടു.

ഞാൻ അവനോട് അനുസരണക്കേട് കാണിക്കുന്നു അവൻ എന്നോട് ഇപ്രകാരം പ്രവർത്തിക്കുകയാണെങ്കിൽ എന്താണു സംഭവിക്കുന്നത്. അല്ലാഹുവിന്റെ നിശ്ചയം ക്രടാതെ യാതൊന്നും സംഭവിക്കുകയില്ല. അല്ലാഹുവിന്റെ നിശ്ചയത്തിൽ പ്രതിബന്ധമുണ്ടാക്കാൻ എനിക്കു എന്തുകഴിവാണുള്ളത്. ഇപ്രകാരം ചിന്തിച്ചു നാവുകൊണ്ട് 'അഊദുബില്ലാഹി' ഓതണം. നില്ക്കുകയാണെങ്കിൽ ഇരിക്കുകയോ, ഇരിക്കുകയാണെങ്കിൽ മലന്നു കിടക്കുകയോ ചെയ്യേണ്ടതാകുന്നു. തണുത്തവെള്ളം കൊണ്ടു വുസുവും ചെയ്യണം. അതുകൊണ്ടും കോപം ശമിച്ചില്ലെങ്കിൽ അതിരോട്ടു കോപം തോന്നിയോ അയാളെയും വിട്ടു അകന്നുകൊള്ളുക.

സ്പർദ്ധ

ഒരുത്തനു മറെറാരുവനോട് കോപമുണ്ടാകയും പ്രതിക്രിയ ചെയ്യാൻ കഴിവില്ലാതെ വരികയും ചെയ്യുമ്പോൾ അവന്റെ ഹൃദയത്തിൽ ഒരുതരം വെറുപ്പുണ്ടാകുന്നു. ഇതിനു ശത്രുത എന്നു പറയുന്നു. പ്രതിക്രിയ ചെയ്യാൻ കഴിവില്ലാതെ വരുമ്പോൾ മാപ്പുചെയ്തു അവനോടു യോജിക്കണം. വെറുപ്പുണ്ടെങ്കിലും കുറെദിവസം കഴിയുമ്പോൾ അതു ഹൃദയത്തിൽ നിന്നും മാറിപ്പോകും.

അസൂയ

ഒരാളിന്റെ ഉന്നതനിലയെ കുറിച്ചു തോന്നുന്ന വെറുപ്പുമൂലം ആ സ്ഥിതി അയാളിൽ നിന്നു അകന്നു പോകുന്നതിനു ആഗ്രഹിക്കുന്നതു്. ഇതിനു പ്രതിവിധി ഇപ്രകാരമാണു്. അതിരോട് അസൂയ ഉണ്ടായിട്ടുണ്ടോ അയാളെ സ്തുതിക്കുക, അയാൾക്കു നന്മചെയ്യുക, താഴ്മ

യോട്ടക്കൂടി അയാളെ സമീപിക്കുക എന്നീ പ്രവൃത്തികളാൽ അയാൾക്കു സന്തോഷം ഉണ്ടാകും: തന്നിമിത്തം നിന്റെ ഹൃദയവും സന്തോഷിക്കും അസൂയയും വിട്ടുമാറും.

ലുബ്ധ്

ശരിയ്ക് ചെലവുചെയ്യാൻ അനുവദിച്ചിട്ടുള്ള കാര്യങ്ങളിൽ ചെലവിനെ കുറയ്ക്കുന്നതു് ലുബ്ധു് ആകുന്നു. ഇതിനു ചികിത്സ ആദ്യമായി മരണത്തെ ഓർക്കുകയാകുന്നു. ധനത്തോടുള്ള ആഗ്രഹത്തെ ഉപേക്ഷിക്കുകയും മുൻകരുതലായ സാധനങ്ങളെ ശേഖരിക്കാതിരിക്കുകയും ചെയ്യുക.

അത്യാഗ്രഹം

ധനത്തോടും മറ്റുമുള്ള ക്രൂരതലായ ആഗ്രഹത്തിനു് 'ഹിർസു' എന്നു പറയുന്നു. ക്രൂരതൽ വരുവിനെക്കുറിച്ചു് ആലോചിക്കാതിരിക്കുന്നതിനായി ചെലവിനെ കുറയ്ക്കുകയാണു് ഇതിനുള്ള പ്രതിവിധി. അത്യാഗ്രഹി നിസ്സാരനാണെന്നുകൂടി ചിന്തിക്കേണ്ടതാകുന്നു.

അഹംഭാവം

താൻ അന്യരെക്കാൾ ഏതുവിധത്തിലും ഉയർന്നവനാണെന്നു കരുതുന്നതിനു കിബിർ എന്നു പറയുന്നു. മഹത്വം അല്ലാഹുവിനുമാത്രമാണെന്നു് അവൻ വിശ്വസിക്കണം. ആരേക്കാൾ താൻ വലിയവനെന്നു കരുതുന്നുവോ അയാൾ സന്തുഷ്ടനാകുന്നതുവരെ അയാളോടു താഴ്മയോടും ബഹുമാനത്തോടും കൂടി പെരുമാറേണ്ടതാണു്.

പാഠം 5

ഉപദേശങ്ങൾ

അല്ലാഹു കുഞ്ഞുങ്ങളുടെ ഹൃദയത്തെ കണ്ണാടിക്കു തുല്യം മാലിന്യമില്ലാത്തതായി സൃഷ്ടിച്ചിരിക്കുന്നു. കണ്ണാടിക്കു മുമ്പിൽ വരുന്ന ഏതൊരു വസ്തുവിന്റെ രൂപവും അതിൽ പ്രതിബിംബിക്കുന്നു. ആ വസ്തുവിന്റെ രൂപം നല്ലതാണെങ്കിൽ കണ്ണാടിയിലും നല്ല രൂപത്തിൽ തന്നെ കാണും. ചീത്തയാണെങ്കിൽ ചീത്തയായി പ്രതിഫലിക്കും. കുഞ്ഞുങ്ങളുടെ ഹൃദയമാകുന്ന കണ്ണാടിയിൽ യാതൊരു മാലിന്യങ്ങളും പറ്റാത്ത സാഹചര്യത്തിൽ വളർത്തണം. സൽസ്വഭാവത്തെ വളർത്താൻ ഉപയുക്തമായ ഉപദേശങ്ങൾ അവർക്ക് നല്കിക്കൊണ്ടിരിക്കണം.

(1) മതപരമായും ഇഹലോകപരമായും ഉള്ള നന്മകളെ സമ്പാദിക്കുക.

(2) പിണങ്ങുന്നവൻ അല്ലാഹുവിന്റെ അടുക്കൽ എല്ലാവരേയുംകാൾ വെറുപ്പിനു അർഹനാകുന്നു.

(3) കരാറിനെ ലംഘിക്കുന്നവൻ സത്യവിശ്വാസിയല്ല.

(4) പരദൂഷണം ചെയ്യുന്നവൻ സ്വർഗ്ഗത്തിൽ കടക്കുകയില്ല.

(5) പരസ്പരം അസൂയ ഭാവിക്കരുത്. പരസ്പരം കോപിക്കയും അരുത്. സഹോദരത്വഭാവേന വർത്തിക്കുക.

(6) ഒരുവൻ തന്റെ സഹോദരനു ഉപകാരം ചെയ്യുന്നതായാൽ അല്ലാഹു അവനും ഉപകാരം ചെയ്യുന്നതായിരിക്കും.

(7) ഒരു കെട്ടിടത്തിന്റെ അസ്ഥിവാരത്തിലെ കല്ലുകൾക്കുള്ള പരസ്പരബന്ധംപോലെയാകുന്നു ഒരു സത്യവിശ്വാസിക്കു മറെറാരു വിശ്വാസിയോടുള്ള ബന്ധം.

(8) സത്യത്തെ ഇഷ്ടപ്പെടുകയും പരസ്പരം സ്നേഹിക്കുകയും ചെയ്യുക.

(9) നിങ്ങളെക്കാൾ വയസ്സു കൂടിയവരോടു ബഹുമാനമായും വയസ്സിൽ കുറഞ്ഞവരോടു സ്നേഹമായും പെരുമാറുക.

(10) നിങ്ങൾ ഒരു സദസ്സിൽ സംബന്ധിച്ചാൽ ഒരു സ്ഥലത്തു ഇരുന്നു് അവിടെ നടക്കുന്നതിനെ സമാധാനമായി കേൾക്കുകയും കാണുകയും ചെയ്യുക.

(11) ആരോടും ശണ്ഠയും വഴക്കും ഉണ്ടാക്കരുതു്. ഈ പ്രവൃത്തി നല്ല ആളുകൾക്കു യോജിച്ചതല്ല.

(12) എപ്പോഴും സത്യം പറയുക. സത്യം പറയുന്നവനെ എല്ലാവരും വിശേഷിച്ചു അല്ലാഹുവും ഇഷ്ടപ്പെടുന്നു.

(13) കള്ളംപറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നതു് വലിയ പാപമാകുന്നു. നിങ്ങൾ ഒരിക്കലും അതിനു് ഒരുമ്പെടരുതു്.

(14) അന്യർക്കു് അനിഷ്ടമായ വാക്കുകൾ ഒരിക്കലും ഉപയോഗിക്കരുതു്.

(15) ആരെക്കുറിച്ചും അവർ അടുക്കൽ ഇല്ലാത്ത സമയത്തു് കുറവപ്പെടുത്തി പറയരുതു്. അതു ഗീബത്താകുന്നു. വലിയ കുറവും പാപവുമായ പ്രവൃത്തിയാണതു്.

(16) ആരേയും ചീത്ത പറയരുതു്.

(17) വഴിയിൽ ഇറങ്ങി നടക്കുമ്പോൾ ചുറ്റുപാടും നോക്കി നടക്കരുതു്. തന്റെ വഴിയെ ശ്രദ്ധിച്ചു നടക്കണം.

(18) ശരീരത്തിൽ കാൽമുട്ടിനു മുകൾഭാഗം നാഭി വരെ വസ്ത്രത്താൽ മറയ്ക്കാതെ ഒരിക്കലും നടക്കരുതു്.

(19) മതത്തിനു വിരോധമായ പ്രവൃത്തികൾ ഒരിക്കലും ചെയ്യരുതു്.

(20) ഒന്നിനെക്കുറിച്ചും വാശിപിടിച്ചു സംസാരിക്കരുതു്.

(21) നല്ല കാര്യങ്ങൾ ആരുപദേശിച്ചാലും അതിനെ സ്വീകരിക്കണം. അതനുസരിച്ചു പ്രവർത്തിക്കയും ചെയ്യണം.

(22) അയൽവാസികളോടു രമ്യമായി പെരുമാറണം. അവർക്കു് യാതൊരു വിഷമവും ഉണ്ടാക്കരുതു്.

(23) ഒരിക്കലും നുണ പറയാൻ ഒരുങ്ങരുതു്. അതു എല്ലാ സദ്സ്വഭാവങ്ങളിലുംവച്ചു് എറ്റവും ഹീനമായകുന്നു.

പാഠം 6

വിവിധത്തിലുള്ള അടങ്ങുകൾ

(1) ഏതു പ്രവൃത്തിയും അതിന്റെ അന്ത്യഫലത്തെ ചിന്തിച്ചു ശ്രദ്ധാപൂർവം നിർവഹിക്കുക. ഒന്നിലും ധൃതി കാണിക്കരുതു്. ധൃതികൊണ്ടു് അധിക സംഗതികളും നഷ്ടപ്പെട്ടുപോകുന്നു.

(2) അന്യനിൽ കാണുന്ന കുറവുകളെ വെളിപ്പെടുത്തരുതു്.

(3) കഴിയുന്നത്ര കോപത്തെ അടക്കണം.

(4) കോപാവസ്ഥയിൽ ഒരു കാര്യവും ആലോചനക്കുടാതെ പ്രവർത്തിക്കരുതു്. അതിനെപ്പറ്റി പിന്നീടു പശ്ചാത്തപിക്കേണ്ടിവരും.

(5) വാക്കുകൾ വ്യക്തമല്ലാതെ സംസാരിക്കരുതു്.

(6) അന്യന്റെ ദുഷിച്ച രൂപത്തേയും ദുഷിച്ച വാക്കുകളേയും നീ എടുത്തു കാണിക്കരുതു്.

(7) കോട്ടാവി ഉണ്ടാകുമ്പോൾ ഇടതുകൈവച്ചു മറയ്ക്കുക.

(8) കോട്ടാവി സമീപസ്ഥരുടെ നേർക്കു വിടരുതു്.

(9) മൂക്കള, കഫം, തുപ്പൽ ഇവയെ ശബ്ദത്തോടുകൂടി പുറപ്പെടുവിക്കരുതു്.

(10) തുമ്മൽ വന്നാൽ മുഖത്തെ കൈയോ, വസ്ത്രമോ കൊണ്ടു മറയ്ക്കുക. തുമ്മലിനുശേഷം "അൽഹംദുലില്ലാഹ്" എന്നുച്ചരിക്കണം.

(11) ജനങ്ങളുടെ ഇടയിൽവച്ചു മൂക്കിൽ വിരലിടുകയോ പല്ലിടകുത്തുകയോ ചെയ്യരുതു്.

(12) വിരലുപയോഗിച്ചു ചൂളമടിക്കരുതു്.

(13) സദസ്സിൽ ഇരിക്കുമ്പോൾ അന്യരുടെ നേർക്കു് കാലു നീട്ടരുതു്.

(14) വസ്ത്രം ഇടതുവശത്തേക്കു ഉടുക്കുക.

(15) വസ്ത്രത്തിൽ കണ്ടിവച്ചു തയ്ക്കുന്നതിനെ എളിമയായി വിചാരിക്കരുതു്.

(16) സുഖക്കേടിൽ പഥ്യപ്പിഴ കാണിക്കരുതു്.

(17) ഒരാളിനെ അയാളുടെ സ്ഥാനത്തുനിന്നും എഴുന്നേല്പിച്ചു അവിടെ ഇരിക്കരുത്.

(18) നാം ബഹുമാനിക്കേണ്ടവർ ഇരിക്കുന്ന സ്ഥാനത്തു ഇരിക്കരുത്.

(19) ശത്രുക്കളായാൽ തന്നെയും അവരോടു നല്ല രീതിയിൽ പെരുമാറുക.

(20) "ബിസ്മില്ലാഹി" ഉച്ചരിച്ചുകൊണ്ടു മാത്രമേ ഏതു സംഗതിയും തുടങ്ങാവു. അതു് ഒരിക്കലും വിസ്മരിക്കരുത്.

(21) നമ്മുടെ ഓരോ പ്രവൃത്തിയും അല്ലാഹുവിന്റെ തൃപ്തിക്കു വേണ്ടിയുള്ളതായിരിക്കണം. അല്ലാതെ ലോകരെ ബോദ്ധ്യപ്പെടുത്താനുള്ളതാകരുത്.

(22) അല്ലാഹുവിന്റെ തിരുവചനമായ ഖുർആൻ ശരീഫിനെ നിങ്ങൾ എപ്പോഴും പരായണം ചെയ്യുക.

(23) ഖുർആൻ ശരീഫിനെ അശുദ്ധമായ കൈകൾ കൊണ്ടു തൊടരുത്. അതിനെ ഓതാൻ തുടങ്ങുമ്പോൾ അഊദും ബിസ്മിയും ചൊല്ലണം.

(24) ഖുർആൻ ശരീഫിനു പിൻതിരിഞ്ഞിരിക്കരുത്. കാലുകൾ അതിന്റെ നേർക്കാക്കുകയോ കാലു് അതിൽ തൊടാൻ ഇടയാക്കുകയോ ചെയ്യരുത്. ഖുർആനിനെ നിസ്സാരമായി തറയിൽ ഇടരുത്. 'വുസു' ക്കൂടാതെ സ്പർശിക്കയും ചെയ്യരുത്. പൊക്കമുള്ളതും ശുദ്ധമായതുമായ ഒരു സ്ഥാനത്തു അതിനെ വയ്ക്കേണ്ടതാകുന്നു. ഖുർആൻ ഇരിക്കുന്നതിലും കൂടുതൽ പൊക്കമുള്ള

സ്ഥാനത്തു ഇരിക്കാൻ പാടില്ല. ഖുർആനെ മറവുള്ളവർ നിസ്സാരമാക്കാനും ഇടയാക്കരുത്.

(25) അമ്പിയാക്കൾ, അവുലിയാക്കൾ, മത പണ്ഡിതന്മാർ തുടങ്ങിയവരെ ബഹുമാനിക്കണം.

(26) സജ്ജനങ്ങൾ അല്ലാഹുവിന്റെ ആജ്ഞകളെ അനുസരിക്കുകയും, അഹോരാത്രം അവനെ ആരാധിക്കുകയും ചെയ്യുന്നു. നിങ്ങളും അപ്രകാരം നല്ലവരാകാൻ ശ്രമിക്കണം.

(27) എല്ലാ മഹാന്മാരേയും ബഹുമാനിക്കുകയും അവരുടെ മുമ്പിൽ മര്യാദയായി സംസാരിക്കുകയും ചെയ്യുക.

(28) ബുദ്ധിമാനും, സന്മാർഗ്ഗിയും, സൽസ്വഭാവിയും, സത്യവാനുമായ സ്നേഹിതനെ തിരഞ്ഞെടുക്കണം.

(29) സ്നേഹിതന്മാരെ എപ്പോൾ കണ്ടാലും സലാം പറയണം. അവർ വീട്ടിൽ വന്നാൽ ബഹുമാനിക്കുകയും സൽക്കരിക്കുകയും ചെയ്യണം.

(30) വീട്ടിലെ കാര്യങ്ങൾ പുറത്തിറങ്ങി അന്യരെ അറിയിക്കരുത്.

(31) ജനങ്ങളുടെയിടയിൽ സഞ്ചരിക്കുമ്പോൾ കാലു മറവുള്ളവരുടെ ശരീരത്തിൽ തട്ടാതെ പ്രത്യേകം ശ്രദ്ധിക്കണം.

(32) തൊപ്പിയോ തലപ്പാവോ കൊണ്ടു തല മറയ്ക്കാതെ ഒരിക്കലും നടക്കരുത്.

പാഠം 7

ചില നല്ല കാര്യങ്ങൾ

കഴിഞ്ഞ പാഠത്തിൽ പറഞ്ഞ സംഗതികൾ ഉരുവിട്ടു പഠിച്ചതുകൊണ്ടു പ്രയോജനമില്ല. ഓരോ കാര്യങ്ങളും നിങ്ങളുടെ പ്രവൃത്തിയിൽ പ്രതിഫലിപ്പിക്കുവാൻ നിങ്ങൾ ശ്രമിക്കണം. പഠിച്ചതിനെ പ്രവർത്തിക്കാതിരിക്കുന്നവൻ ഗ്രന്ഥങ്ങൾ ചുമക്കുന്ന ഒരു കഴുതയെന്നു വേണം പറയുവാൻ. താഴെ പറയുന്ന സംഗതികൾ സശ്രദ്ധം പഠിച്ചു നിങ്ങൾ പ്രവൃത്തിപഥത്തിൽ വരുത്തുവിൻ.

സലാം പറയുക

തമ്മിൽ കാണുമ്പോൾ സലാം പറയേണ്ടതാകുന്നു. ഒരാൾ 'അസ്സലാമുഅലൈക്കും' (നിങ്ങൾക്കു അല്ലാഹുവിന്റെ രക്ഷയുണ്ടാകട്ടെ) എന്നു പറയുകയും മറെറ ആൾ അതിനു മറുപടിയായി 'വ അലൈക്കുമുസ്സലാം' (നിങ്ങളിലും അല്ലാഹുവിന്റെ രക്ഷയുണ്ടാകട്ടെ) എന്നു പറയുകയും ചെയ്യേണ്ടതാകുന്നു. ഇപ്രകാരമല്ലാതെ മറെറാരു തരത്തിലും സലാം പറയുന്നതുകൊണ്ടു ഫലമില്ല. ആദ്യം സലാം പറയുന്നവനു് കൂടുതൽ നന്മ ലഭിക്കുന്നു. ഒരു സംഘം ആളുകളുണ്ടെങ്കിൽ അതിൽ ഒരാൾ സലാം പറഞ്ഞാൽ മതിയാകും. അതുപോലെ തന്നെ ഒരു സംഘത്തിൽനിന്നും ഒരാൾ സലാം മടക്കിയാൽ മതി.

സംഭാഷണ മര്യാദകൾ.

(1) ആലോചിക്കാതെ ഒന്നുംതന്നെ പറയരുതു്. ഓരോ സംഗതിയും നല്ലപോലെ ചിന്തിച്ചു അവ ചീത്തയല്ലെന്നു ബോദ്ധ്യമായശേഷം മാത്രം പറയുക.

(2) ആരേയും ആക്ഷേപിക്കരുതു്. ആക്ഷേപിക്കുന്നതിനെ ശ്രദ്ധിക്കയുമരുതു്.

(3) കള്ളം പറയുകയും കളവു പ്രവർത്തിക്കുകയും അരുതു്. അതു് വളരെ ചീത്തയാകുന്നു. കള്ളം പറയുന്നവനെ ജനങ്ങൾ വെറുക്കുന്നു.

(4) ആരെ സംബന്ധിച്ചും ഗീബത്തു് (പരദൂഷണം) പറയരുതു്. ഏതെങ്കിലും സംഗതിയെ സംബന്ധിച്ചു പറയുമ്പോൾ അതു പരമാർത്ഥമല്ലെങ്കിൽ അപവാദമായിത്തീരും. അപ്രകാരം അപവാദം ചുമത്തുന്നതു് വലിയ കുറ്റമാകുന്നു.

(5) അധികം ചിരിക്കരുതു്. അതുകൊണ്ടു് മനസ്സു ചീത്തയായി പോകുന്നു.

(6) കള്ളക്കരാർ ചെയ്യരുതു്. പൂർണ്ണമാക്കാൻ കഴിയുന്നതിനു മാത്രമേ കരാർ ചെയ്യാവൂ.

(7) അന്യനെ എളിമയാക്കത്തക്ക വിധത്തിൽ കളിയാക്കരുതു്.

(8) തന്റെ ഏതെങ്കിലും കായ്ത്തിലോ പ്രവൃത്തിയിലോ ചീത്തഭാവം കാണിക്കരുതു്.

(9) കേൾക്കുന്ന വാർത്തകളെല്ലാം പുറത്തു പറയരുതു്. അധികവാർത്തകളും കളവായി ഭവിക്കാവുന്നതാണു്.

(10) ഓരോരുത്തരുടേയും മുഖം നോക്കി അവരുടെ ഇഷ്ടത്തിനനുസരിച്ചു സാസാരിക്കരുതു്.

പാഠം 8

ആഹാരം കഴിക്കുന്നതിലുള്ള അദബുകൾ

'ബിസ്മില്ലാഹി' എന്നു പറഞ്ഞുകൊണ്ടു് ആഹാരം കഴിക്കാൻ ആരംഭിക്കണം. വലതുകൈകൊണ്ടു് ആഹാരസാധനങ്ങൾ എടുത്തു ഭക്ഷിക്കണം.

പാത്രത്തിൽ ഇരിക്കുന്ന ഭക്ഷ്യസാധനങ്ങളിൽ അവരവരുടെ വശത്തുനിന്നും എടുത്തു ഭക്ഷിക്കുക. പാത്രത്തിൽ വിവിധസാധനങ്ങൾ ഉണ്ടായിരുന്നാൽ നിങ്ങൾക്കു ഇഷ്ടപ്പെട്ടതിനെ എടുത്തു ഭക്ഷിക്കാം. എന്നാൽ അതു ഓരോന്നായി മാത്രമേ എടുക്കാവൂ.

ആഹാരം കഴിക്കുന്നതിനു മുമ്പും ആഹാരം കഴിച്ചതിൽ പിന്നീടും കൈയ് കഴുകണം:

അധികം ചൂടുള്ള ആഹാരം കഴിക്കരുതു്.

ആഹാരം പലരും ക്രടിയിരുന്നു് കഴിക്കുന്നതു് വലിയ നന്മയാകുന്നു.

ക്രൂട്ടത്തിൽ ഉള്ളവർ ആഹാരം കഴിക്കുന്നതിൽ പ്രത്യേക ശ്രദ്ധപതിപ്പിക്കരുതു്.

ആഹാരം കഴിക്കുമ്പോൾ വായിൽനിന്നും ആഹാരപദാർത്ഥത്തിലുള്ള എല്ലോ മുള്ളോ വേർപെടുത്തുന്നതു് മുഖത്തെ ഒരു വശത്തേക്കു തിരിച്ചു വേണ്ടതാകുന്നു. മറ്റുള്ളവർക്കു അസുഖം ഉണ്ടാകാതിരിക്കാനാണു് അപ്രകാരം ചെയ്യുന്നതു്.

ആഹാരം കഴിച്ചുകൊണ്ടിരിക്കുമ്പോൾ വെറുപ്പുള്ളതും, അശ്ലീലമായതുമായ പദാർത്ഥങ്ങളെപ്പറ്റി സംസാരിക്കരുതു്.

ഒരു 'സുഫ്റ'യിൽ പലരും കൂടിയിരിക്കുമ്പോൾ എത്രയും ഇഷ്ടപ്പെട്ട സാധനത്തെ അന്യർക്കുകൊടുക്കുന്നതു നല്ല സ്വഭാവമാകുന്നു.

ആഹാരം നല്ലപോലെ ചവച്ചുതിന്നണം. എന്നാൽ ശബ്ദമുണ്ടാകത്തക്കവിധത്തിൽ ചവയ്ക്കരുതു്. ജനങ്ങൾ കാണത്തക്ക രീതിയിൽ ആഹാരം കഴിക്കരുതു്.

വെള്ളം ഒറ്റശ്വാസത്തിൽ കുടിക്കരുതു്. മൂന്നു പ്രാവശ്യമായി കുടിക്കുക. ശ്വാസം വിടുന്നതിനു് പാത്രത്തെ വായിൽനിന്നും വേർപ്പെടുത്തണം.

'ബിസ്മില്ലാഹി' എന്നു പറഞ്ഞുകൊണ്ടു വെള്ളം കുടിയ്ക്കുകയും കുടിച്ചുകഴിഞ്ഞാൽ 'അൽഹംദു ലില്ലാഹ്' എന്നു പറയുകയുംചെയ്യുക.

നിന്നുകൊണ്ടു വെള്ളംകുടിക്കുന്നതു നല്ലതല്ല. അപ്രകാരം പ്രവർത്തിക്കരുതു്.

ആഹാരസാധനം ആർക്കെങ്കിലും കൊടുത്തയയ്ക്കുന്നതു മുടി കൊടുത്തയക്കേണ്ടതാണു്.

ആരോഗ്യത്തിനു് അവശ്യംവേണ്ട ആഹാരംമാത്രം കഴിക്കുക. അതിഭക്ഷണത്തിലുള്ള അഗ്രഹം അപത്തിനു കാരണമാണു്.

ഉറങ്ങുന്നതിൻറെയും
ഉണരുന്നതിൻറെയും അദബുകൾ

ആഹാരം കഴിച്ചാൽഉടനെ കിടക്കരുതു്. വിരിപ്പു കുടഞ്ഞു വിരിക്കുകയും, അതിനെ ശുചിയായി സൂക്ഷിക്കുകയും ചെയ്യുക.

നേമ്മയുള്ള വിരിപ്പു് ഉപയോഗിച്ചു ശീലിക്കുന്നതു നല്ലതല്ല. സുഖത്തെ കാംക്ഷിക്കുന്ന ഒരു സ്വഭാവം

അതിൽനിന്നും ഉണ്ടായേക്കും. സാധാരണ വിരിപ്പിലും, വെറും കട്ടിലിലും പലപ്പോഴും കിടന്നു ശീലിക്കുന്നതു നല്ലതാണ്. വലതുവശം ചരിഞ്ഞു കിടക്കുന്നതുകൊണ്ട് എളുപ്പത്തിൽ ദഹനമുണ്ടാകും.

രാത്രി അധികസമയം ഉറക്കമിളയ്ക്കരുതു്. ക്ഷീണവും തലച്ചോറിനു മന്ദതയും ഉറക്കമിളയ്ക്കുന്നതിനാലുണ്ടാകും.

കമിഴ്ന്നു കിടക്കരുതു്. മേൽക്കുരയില്ലാത്ത സ്ഥലത്തും കിടന്നുറങ്ങരുതു്.

സൂര്യൻ ഉദിക്കുന്നതുവരെയുള്ള ഉറക്കം ദിനചര്യയുടെ ശത്രു ആകുന്നു.

പ്രഭാതത്തിനുമുമ്പിൽ ഉണർന്നെഴുന്നേല്ക്കുന്നതു ദിവസവുമുള്ള പ്രവൃത്തിക്കു നന്മയുണ്ടാക്കുന്നു.

പ്രഭാതത്തിൽഉണരുമ്പോൾ അല്ലാഹുവിനെ സ്മരിയ്ക്കുക.

രാത്രിയിൽ ഉറങ്ങുവാൻ തുടങ്ങുമ്പോൾ 'ബിസ്മില്ലാഹി' എന്നു പറഞ്ഞുകൊണ്ടു വാതൽ അടയ്ക്കുകയും വിളക്കണയ്ക്കുകയും ചെയ്യേണ്ടതാകുന്നു:

കട്ടിലിന്റെ ശിരോഭാഗം വടക്കായി വയ്ക്കുന്നതു നല്ലതാകുന്നു.

എഴുതുമ്പോഴും പഠിക്കുമ്പോഴും വേണ്ടതായ അദബുകൾ

കിതാബിനെ ബഹുമാനിയ്ക്കുക. ചവിട്ടുന്ന തറയിൽ അതിനെ വയ്ക്കരുതു്. വിരിപ്പിലും വയ്ക്കരുതു്.

കിതാബിനെ അകലെനിന്നും എറിയരുതു്.

ഖുർആൻ ശരീഫിനെ എത്രത്തോളം ബഹുമാനിക്കുമോ അപ്രകാരം അറബി, ഫാർസി, ഉർദു എന്നീ ഭാഷകളിലെ അക്ഷരങ്ങളെയും ബഹുമാനിക്കുക. എന്നാൽ നിങ്ങൾ ഭാഗ്യവാന്മാരായി തീരും.

കിതാബിനെ സൂക്ഷിച്ചുവെയ്ക്കുക. അതിൽ ഒന്നും എഴുതരുത്. ആവശ്യത്തിനുവേണ്ടി നിങ്ങളുടെ പേരു മാത്രം എഴുതുക.

എഴുതുമ്പോൾ മഷിയുടെ ഒരു നേരിയ ബിന്ദു പോലും വസ്ത്രത്തിലോ കടലാസ്സിലോ വീഴാതെ സൂക്ഷിക്കുക.

പേനയെ തുണിയിൽ തുടയ്ക്കരുത്. കടലാസിൽ അടയാളം ഇടരുത്.

ഏതെങ്കിലും ഒരക്ഷരം തെറ്റായി എഴുതിപ്പോയാൽ അതിനെ മായ്ക്കുവാൻ ശ്രമിക്കരുത്. അതിനെ വെട്ടിയിട്ട് ശരിയായി എഴുതുക.

ഒരുരെങ്കിലും പാഠം പഠിച്ചുകൊണ്ടിരിക്കുകയോ പഠിപ്പിച്ചുകൊണ്ടിരിക്കുകയോ പാരായണം ചെയ്തുകൊണ്ടിരിക്കുകയോ ചെയ്യുമ്പോൾ ശബ്ദമുണ്ടാക്കരുത്.

കൈയും മുഖവും കഴുകി ശുദ്ധവസ്ത്രം ധരിച്ചു മദ്രസിൽ പോകാനായി ഇറങ്ങുമ്പോൾ മഷിക്കുപ്പി, പേന, കാപ്പിബുക്ക, കിത്താബുകൾ എന്നിവ എടുത്തിട്ടുണ്ടോ എന്നു പരിശോധിക്കണം.

വഴിയിൽ കൂട്ടുകാരെ കണ്ടുമുട്ടിയാൽ അവരോടു പഠിക്കുന്ന വിഷയങ്ങളെ സംബന്ധിച്ചു സംസാരിക്കുക. പരദൂഷണവും നുണയും വ്യർത്ഥമായ സംഭാഷണങ്ങളും ഉപേക്ഷിക്കണം.

വഴിയിൽ വച്ച് ഉസ്താദിനേയോ മറ്റു മഹാന്മാരേയോ കണ്ടാൽ അവരോട് മര്യാദ ഭാവിച്ചു സലാം പറയുക.

വിദ്യാഭ്യാസത്തിൽ അലസരും, ദുഷിച്ച സ്വഭാവമുള്ളവരുമായ കുട്ടികളോട് സംസർഗ്ഗം ചെയ്യരുത്.

മദ്രസയിൽ കൃത്യസമയത്തു ചെന്നുചേരുക. അവിടെ പ്രവേശിച്ചാൽ നാം അവിടെ എന്തിനായി വന്നിരിക്കുന്നു എന്നുള്ള ഓർമ്മ എപ്പോഴും ഉണ്ടായിരിക്കണം. മറ്റൊരു സംഗതിയിലും ഏർപ്പെടരുത്.

ഉസ്താദു ക്ലാസിൽ വന്നാൽ വളരെ മര്യാദയായി എഴുന്നേറ്റു നില്ക്കുകയും സലാം പറയുകയും ചെയ്യണം. പിന്നീടു പാഠം തുടങ്ങിയാൽ ശ്രദ്ധ മുഴുവൻ ഉസ്താദിൽ തന്നെ ആയിരിക്കണം. അടുത്തിരിക്കുന്ന കുട്ടികളോടു സംസാരിച്ചു സമയം കളയരുത്.

വികൃതികളായ കുട്ടികളുടെ സമീപത്തു ഇരിക്കരുത്. അവരിൽ നിന്നും എന്തെങ്കിലും ഉപദ്രവമുണ്ടായാൽ ക്ഷമയോടുകൂടി ഉസ്താദിനെ അറിയിക്കുക.

ഉസ്താദു ക്ലാസിൽ ഇല്ലാതിരുന്നാലും ശബ്ദമുണ്ടാക്കരുത്.

മദ്രസയിലുള്ള ഒരു സാധനത്തേയും ചീത്തയാക്കരുത്.

വീട്ടിൽ നിന്നും എഴുതിക്കൊണ്ടുപോകാൻ ഉസ്താദു എന്തെങ്കിലും ആജ്ഞാപിച്ചിട്ടുണ്ടെങ്കിൽ അതിനെ കൃത്യമായി ചെയ്യുക.

പാഠം 9

നമസ്കാരത്തിന്റെ മര്യാദകൾ

അല്ലാഹുവിനെ ആരാധിക്കുന്നതിൽ നമസ്കാരം എത്രയും ശ്രേഷ്ഠമായതാകുന്നു. കുഞ്ഞുങ്ങളെ! നിങ്ങൾ നമസ്കാരവിധികളേയും അതിൽ അനുഷ്ഠിക്കേണ്ട മര്യാദകളേയും പഠിക്കണം. വീട്ടിലുള്ള നിങ്ങളുടെ സഹോദരീസഹോദരന്മാരെ നമസ്കാരത്തിന്റെ മേന്മയേയും, രീതിയേയും പഠിപ്പിക്കുക. നമ്മുടെ പ്രവാചകൻ അറിയിച്ചിട്ടുള്ള നമസ്കാരവിധികളെ വിവരിക്കാം. നിങ്ങൾ അതിനെ ശ്രദ്ധയോടും സ്നേഹത്തോടും ആനന്ദത്തോടും കൂടി കേൾക്കുകയും അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുക.

(1) ഒരുവൻ തന്റെ ഗൃഹത്തിനു മുമ്പിൽക്കൂടി ഒഴുകുന്ന ശുദ്ധമായ നദീജലത്തിൽ ദിവസം തോറും അഞ്ചുപ്രാവശ്യം കുളിക്കുന്നതായാൽ അവന്റെ ദേഹത്തു അഴുക്കുണ്ടായിരിക്കുമോ? ജലം അഴുക്കിനെ എപ്രകാരം നീക്കംചെയ്യുന്നുവോ അതുപോലെ അഞ്ചുനേരത്തെ നമസ്കാരം പാപങ്ങളെ അകറ്റിക്കളയുന്നു.

(2) അല്ലാഹു അവന്റെ അടിമയോട് ഖിയാമത്തിൽ ആദ്യമായി ചോദ്യം ചെയ്യുന്നതു നമസ്കാരത്തെ കുറിച്ചാകുന്നു എന്നു് നബി സല്ലല്ലാഹു അലൈഹിവസല്ലം പറഞ്ഞിരിക്കുന്നു. അതിനാൽ യാതൊരു മടിയും കാണിക്കാതെ ശ്രദ്ധാപൂർവ്വം അഞ്ചുനേരത്തെ നമസ്കാരവും കൃത്യമായി നിർവഹിക്കേണ്ടതാകുന്നു.

(3) അവ്വൽവക്കത്തിനെ (ഓരോ നമസ്കാരത്തെയും പ്രാരംഭസമയത്തിൽ നിർവഹിക്കുന്നതിനെ)

അല്ലാഹുത്തആലാ വളരെ ഇഷ്ടപ്പെടുന്നു എന്നു് നബി സല്ലല്ലാഹു അലൈഹിവസല്ലം പറഞ്ഞിരിക്കുന്നു.

(4) ഏതു ജോലിയിൽ ഏർപ്പെട്ടിരുന്നാലും നമസ്കാരസമയമായാൽ ഉടൻ നമസ്കാരത്തിൽ പ്രവേശിക്കണം. നമസ്കാരത്തിൽ ശ്രുതി കാണിക്കരുതു്. ഓരോ സംഗതിയും ശ്രദ്ധിച്ചുനോക്കി നമസ്കരിക്കണം.

(5) ആരെങ്കിലും ശരിയായി വുസു ചെയ്യാതിരിക്കുകയോ സമയംതെറ്റി നമസ്കരിക്കുകയോ, നമസ്കാരത്തിൽ അശ്രദ്ധ കാണിക്കുകയോ, റക്കുഉം സുജൂദും നല്ലപോലെ ചെയ്യാതിരിക്കുകയോ ചെയ്യുന്നെങ്കിൽ ആ നമസ്കാരം കറുത്തതും പ്രകാശമില്ലാത്തതുമായിതീരുന്നതാണു്. 'എന്നെ ഇല്ലാതാക്കിയതുപോലെ അല്ലാഹുത്തആലാ നിന്നെയും ഇല്ലാതാക്കട്ടെ' എന്നു് അവനെപ്പറ്റി ആ നമസ്കാരം പറഞ്ഞുകൊണ്ടിരിക്കും.

കുഞ്ഞുങ്ങളെ! നമസ്കാരം പ്രതിഫലത്തിനുവേണ്ടി ചെയ്യുന്നതാകുന്നു. ചീത്തയായി നമസ്കരിക്കുന്നതു പാപത്തേയും ശിക്ഷയേയും വിലയ്ക്കു വാങ്ങുകയാകുന്നു. അതിനാൽ നമസ്കരിക്കുമ്പോഴെല്ലാം നല്ലപോലെ വുസുചെയ്യുകയും റക്കുഉം, സുജൂദും ശ്രദ്ധാപൂർവം അനുഷ്ഠിക്കുകയും ചെയ്യുക.

(6) റസൂൽ സല്ലല്ലാഹു അലൈഹിവസല്ലം ഒരു ദിവസം നമസ്കാരത്തെക്കുറിച്ചു സംസാരിച്ചു. അദ്ദേഹം പറഞ്ഞു: ആരൊരുത്തൻ നമസ്കാരത്തെ എത്രയും സൂക്ഷ്മമായി ചെയ്യുന്നുവോ അവനു് ആ നമസ്കാരം ഖിയാമത്തു നാളിൽ പ്രകാശവും, നേർമാർഗ്ഗവും രക്ഷാമാർഗ്ഗവും ആയി തീരുന്നതാണു്.

ആരാണോ നമസ്കാരത്തെ സൂക്ഷിക്കാതിരിക്കുന്നത് അവന്റെ നമസ്കാരം അവനു് പ്രകാശവും, നേർമാർഗ്ഗവും രക്ഷാമാർഗ്ഗവും ആയി തീരുന്നതല്ല. ഇങ്ങനെ നമസ്കരിക്കുന്നവൻ ഖിയാമത്തുനാളിൽ കാറൂൻ, ഫിർഔൻ, ഹാമാൻ, ഉബയ്യിബ്നുഖലഫ് എന്നിവരോടൊപ്പം നരകശിക്ഷ അനുഭവിക്കും.

ചോ:—നമസ്കാരംകൊണ്ടു് എന്തെല്ലാം നന്മകളുണ്ടു്?

ഉ:—നമസ്കരിക്കുന്നതുകൊണ്ടു് വളരെ പ്രയോജനങ്ങളുണ്ടു്. ചിലതു് ഇവിടെ വിവരിക്കാം.

(1) നമസ്കരിക്കുന്നവന്റെ ശരീരവും വസ്ത്രവും വൃത്തിയുള്ളതും ശുദ്ധവുമായിരിക്കുന്നു.

(2) നമസ്കരിക്കുന്നവനെ അല്ലാഹു ഇഷ്ടപ്പെടുന്നു.

(3) നബി സല്ലല്ലാഹു അലൈഹിവസല്ലം, നമസ്കരിക്കുന്നവരെ ഇഷ്ടപ്പെടുന്നു.

(4) നമസ്കരിക്കുന്നവൻ അല്ലാഹുവിന്റെ അടുക്കൽ നല്ലവനായിതീരുന്നു.

(5) നമസ്കരിക്കുന്നവനെ നല്ല ആളുകൾ വളരെ ബഹുമാനിക്കുന്നു.

(6) നമസ്കരിക്കുന്നവൻ വളരെ കുറങ്ങളിൽ നിന്നും രക്ഷപ്പെടുന്നു.

(7) നമസ്കരിക്കുന്നവനു് മരണശേഷം അല്ലാഹുത്തആലാ വിശ്രമവും സുഖവും നൽകുന്നു.

പാഠം 10

ശ്രദ്ധിക്കേണ്ട സംഗതികൾ

പുരുഷന്മാർ മുണ്ട് മടുത്തുകെട്ടി മുട്ട് പ്രത്യക്ഷപ്പെടത്തക്ക രീതിയിൽ നടക്കുന്നതു നാം സാധാരണ കണ്ടുവരുന്ന ഒന്നാണല്ലോ. ഇതു് ഇസ്ലാമികവിരുദ്ധമാകയാൽ നാം അപ്രകാരം പ്രവർത്തിക്കരുതു്. ഇതുപോലെ തന്നെ മുണ്ട് നിലത്തു കിടന്നു ഇഴയത്തക്കവിധം കാലിന്റെ കരണ്ടയുടെ കീഴിൽ വലിച്ചിട്ട് നടക്കുന്നതും ഇസ്ലാമിക വിരുദ്ധമാകുന്നു. ഇതിനെ സംബന്ധിച്ചു നമ്മുടെ പ്രവാചകൻ ശക്തിയായി വിരോധിച്ചിട്ടുണ്ട്. ഇപ്രകാരം പ്രവർത്തിക്കുന്നവർക്കു നരകശിക്ഷയാണു് അനുഭവമെന്നു് അദ്ദേഹം നമ്മോടു് ഉപദേശിച്ചിരിക്കുന്നു. മുട്ടും തുടയും പ്രത്യക്ഷപ്പെടുത്തുന്നതു യോഗ്യന്മാരുടെ മുമ്പിൽ വെറും നിന്ദ്യമായ ഒരു പ്രവൃത്തിയാണെന്നു നാം എപ്പോഴും ഓർക്കണം. മുണ്ട് നിലത്തിട്ട് ഇഴയ്ക്കുന്നതിനാൽ മലിനമായിത്തീരുന്ന വസ്തുത്തോടുകൂടി മസ്ജിദിൽ പ്രവേശിക്കുന്നതു ഹറാമാകുന്നു. പ്രതാപത്തെ ഉദ്ദേശിച്ചാണു് അപ്രകാരമടുക്കുന്നതെങ്കിൽ അതും നരകശിക്ഷയ്ക്കു കാരണമാണു്. കാൽമുട്ടിന്റെയും പൊക്കിളിന്റെയും ഇടഭാഗം മറയ്ക്കാതെ നഗ്നമായി നിന്നു കളിക്കുന്നതു ഹറാമാകുന്നു. പരിഷ്കൃത ഗവണ്മെൻറുകൾ ഇതിനെ നിരോധിച്ചിട്ടുണ്ട്.

സത്യം ചെയ്യുന്നതു്

സംഭാഷണത്തിൽ കാര്യങ്ങളുടെ സ്ഥിരീകരണത്തിനായി സത്യവാക്കുപയോഗിക്കുന്നതു നാം സാധാരണ കണ്ടുവരുന്നു. പിതാവു്, മാതാവു്, ഔലിയാക്കൾ,

പള്ളി തുടങ്ങിയ പല വാക്കുകളും ഉപയോഗിച്ച് ആണയിടുന്നുണ്ട്. ഈ പതിവു നിശ്ശേഷം ഉപേക്ഷിക്കേണ്ടതാകുന്നു. ഇതു് ഇസ്ലാം ശരീഅത്തു വളരെ ശക്തിയായി വിരോധിച്ചിട്ടുള്ള ഒരു കാര്യമാണു്. യഥാർത്ഥമായ ഒരു സംഗതിയെ സ്ഥാപിക്കുന്നതിനുവേണ്ടി സത്യവാചകം ഉപയോഗിക്കാമെങ്കിലും അതു് അല്ലാഹുവിന്റെ നാമത്തിലായിരിക്കണമെന്നുള്ളതു നിർബന്ധമാകുന്നു. സൃഷ്ടികളുടെ നാമത്തിൽ ഒരിക്കലും സത്യവാചകം ഉപയോഗിച്ചുകൂടാ. വിശേഷിച്ചും കള്ളത്തെ സ്ഥാപിക്കുന്നതിനു സത്യംചെയ്യുന്നതു മഹാപാപമാകുന്നു. ഈ ദുസ്വഭാവത്തെ എന്തുയും ശ്രദ്ധിച്ചു് ഉപേക്ഷിക്കേണ്ടതു ലൗകികവും പാരത്രികവുമായ ജീവിതസുഖത്തിനു് അത്യന്താപേക്ഷിതമാകുന്നു.

മസ്ജിദിൽ പ്രവേശിക്കേണ്ടതു്

മസ്ജിദുകൾ അല്ലാഹുവിനെ ആരാധിക്കുന്നതിനുവേണ്ടി ഉണ്ടാക്കപ്പെട്ടിട്ടുള്ളതാകുന്നു. അവിടെ ആരാധനയും ഇസ്ലാമികമായ പ്രവർത്തനങ്ങളുമല്ലാതെ മറ്റൊന്നും ചെയ്യുകൂടാത്തതാകുന്നു. മസ്ജിദിന്റെ ഭൂമി പരിശുദ്ധമാകുന്നു. അവിടെ ചപ്പും ചവറും ഇടുന്നതു തെറ്റാകുന്നു. ശുദ്ധമായി മാത്രമേ മസ്ജിദിൽ കടക്കാവൂ. അവിടെവച്ചു നിരർത്ഥകമായ സംഭാഷണങ്ങൾ നടത്തരുതു്. മുള്ളങ്കി, ഉള്ളി തുടങ്ങിയ ദുർഗ്ഗന്ധമുള്ള സാധനങ്ങൾ മസ്ജിദിൽ കടത്തരുതു്. മസ്ജിദിനെ ബഹുമാനിക്കാതിരിക്കുക, അതിനെ ഇടിക്കുക മുതലായവ മഹാപാപമാകുന്നു. വീട്ടിൽ നമസ്കരിക്കുന്നതിനെക്കാൾ മസ്ജിദിൽ നമസ്കരിക്കുന്നതിനു കൂടുതൽ പ്രതിഫലമുണ്ടു്. മസ്ജിദിൽ പ്രവേശിച്ചാൽ

കുട്ടികൾ പുരുഷന്മാരുടെ പുറകിലുള്ള അണിയിൽ മാത്രമേ ഇരിക്കാവൂ. നമസ്കരിക്കുന്നവരുടെ മുമ്പിൽക്കൂടി കടന്നുപോകരുതു്. ഇരിക്കുന്നവരുടെ മുകളിൽക്കൂടി കാലു കവച്ചുവച്ചു കടന്നുപോകയും ചെയ്യരുതു്. മസ്ജിദിൽവച്ചു് ഉറക്കെ ചിരിക്കുകയോ അന്യർക്കു് ഉപദ്രവമുണ്ടാകത്തക്കവിധത്തിൽ ഉറക്കെ സംസാരിക്കയോ ചെയ്യാതെ സൂക്ഷിക്കണം. യാതൊരു സാധനവും മസ്ജിദിൽവച്ചു കച്ചവടം ചെയ്യരുതു്.

ചില പ്രാർത്ഥനകൾ

ഉറങ്ങാൻ കിടക്കുമ്പോൾ "ബിസ്മികല്ലാഹുമ്മ അഹ്യാ വ അമൂത്തു്" എന്നു പ്രാർത്ഥിക്കണം. ഉണരുമ്പോൾ, "അൽഹംദുലില്ലാഹില്ലദീ അഹ്യാനാ ബഅ്ദമാ അമാത്തനാ വ ഇലയ്ഹിന്നുശ്ശൂറു്" എന്നു പറയണം.

വീട്ടിൽനിന്നും പുറപ്പെടുമ്പോൾ ഇങ്ങനെ പറയണം. "ബിസ്മില്ലാഹി തവക്കൽതു അലല്ലാഹി ലാ ഹൌല വലാക്വുവത്ത ഇല്ലാ ബില്ലാഹി".

വീട്ടിൽ പ്രവേശിക്കുമ്പോൾ ഇപ്രകാരംപറയണം. "അല്ലാഹുമ്മഇന്നീ അസ്അലുക ഖൈറൽമൌലിജി വഖൈറൽ മഖ്റജി ബിസ്മില്ലാഹി വലജ്നാ വ അല്ലാഹി റബ്ബുനാ തവക്കൽനാ".

തുമ്മുമ്പോൾ "അൽഹംദുലില്ലാഹി" എന്നു പറയണം. ഭക്ഷണം കഴിക്കാൻ ആരംഭിക്കുമ്പോൾ ഇങ്ങനെ പറയണം. "അല്ലാഹുമ്മ ബാരിക്‌ലനാ ഫീമാറസക്

ത്തനാ വകിനാ അദാബന്നാരി ബിസ്മില്ലാഹി". ആരംഭത്തിൽ ഇങ്ങനെ പറയാൻ വിട്ടുപോയാൽ "ബിസ്മില്ലാഹി അവ്വലുഹു വ ആഖിറുഹു" എന്നു പറയേണ്ടതാണു.

ഭക്ഷണം കഴിച്ചശേഷം അൽഹംദുലില്ലാഹില്ലദീ അത്ത്അമനീ ഹാദാവർ സുക്ക്നീഹിമിൻ ഗൈരി ഹൌലിൻമിന്നി വലാക്കുവത്തിൻ".

പിറവി ചന്ദ്രനെ കാണുമ്പോൾ ഇപ്രകാരം പറയണം. "അല്ലാഹുമ്മ അഹില്ലഹു അലൈനാ ബിൽ അംനി വൽ ഈമാനി വസ്സലാമത്തി വൽ ഇസ്ലാമി റബ്ബീവ റബുക്കല്ലാഹു."

പുതിയ വസ്ത്രം ധരിക്കുമ്പോൾ "അൽഹംദുലില്ലാഹില്ലദീകസാനീ ഹാദാ വർസുക്നീഹി മിൻ ഗൈരി ഹൗലിൻ മിന്നീ വലാക്കുവ്വതിൻ" എന്നു പറയണം.

ഖബർസ്ഥാനത്തു ചെല്ലുമ്പോൾ "അസ്സലാമു അലൈക്കും ദാറ കൌമിൻ മുഅ്മിനീൻ വഇന്നാ ഇൻശാ അല്ലാഹു ബികും ലാഹിക്കുൻ" എന്നു പറയേണ്ടതാണു.

അല്ലാഹുമ്മ ഇന്നീ അഊദുബിക മിനൽകബുസി വൽകബായിസ് എന്നു പറഞ്ഞുകൊണ്ടു് ഇടതുകാൽ മുമ്പെ വച്ചു് കക്കൂസിൽ പ്രവേശിക്കണം.

കക്കൂസിൽനിന്നും പുറത്തു വരുമ്പോൾ വലതുകാൽ മുമ്പെവച്ചു് ഗുഫ്റാനക്ക അൽഹംദുലില്ലാഹില്ലദീ അദ്ഹബ അന്നിയൽ അദാവഅഫാനീ" എന്നു പറയണം. മലമൂത്രശുദ്ധീകരണത്തിനുശേഷം "അല്ലാഹുമ്മ തഹ്ഹിർകൽബീ മിനന്നിഫാഖി വഹസ്സിൻ ഫർജീ മിനൽ ഫവാഹിശ്" എന്നു പറയണം.

എന്തെങ്കിലും ആപത്തിൽ പെടുമ്പോൾ "ഹസ്ബിയല്ലാഹു നിഅ്മൽവക്കീൽ" എന്നു പറയണം.

മാതാപിതാക്കന്മാരുടെ ശ്രദ്ധക്ക്

അല്ലാഹുത്ത ആലാ മൃഗങ്ങളിൽ നിന്നും വ്യത്യസ്തമായ നിലയിൽ മനുഷ്യനെ സൃഷ്ടിക്കുകയും, മറ്റു ജീവജാലങ്ങളെ അപേക്ഷിച്ചു ഗൌരവമേറിയ പല ചുമതലകളും അവനു് കടമയാക്കുകയും ചെയ്തിരിക്കുന്നു. ആകാശങ്ങളും ഭൂമിയും വഹിക്കുവാൻ വിസമ്മതിച്ച അമാനത്തിനെ വഹിച്ചവനാണു് മനുഷ്യൻ എന്നുള്ളതു നാം ഓരോരുത്തരും ഓർമ്മിക്കേണ്ട സംഗതിയാണു്. നമ്മുടെ ചുമതലകൾ പലതുണ്ടെങ്കിലും അതിൽ പ്രധാനമായ ഒന്നു് മാതാപിതാക്കന്മാർക്കു് സന്താനങ്ങളോടുള്ള ചുമതലയാകുന്നു. ഒരു ശിശു ജനിക്കുന്നതുമുതൽ പ്രായപൂർത്തിയാകുന്നതുവരെ, അല്ലാഹുവും അവന്റെ റസൂലും കല്പിച്ച മാർഗ്ഗത്തിൽ കൂടി ആ കുട്ടിയെ വളർത്തേണ്ടതു മാതാപിതാക്കന്മാരുടെ കർത്തവ്യമാകുന്നു. കുഞ്ഞുങ്ങളെ സംബന്ധിച്ചു ഇന്നു കാണപ്പെടുന്ന ദോഷങ്ങളെല്ലാം മാതാപിതാക്കന്മാർ അവരുടെ ചുമതല ശരിക്കു നിർവ്വഹിക്കാത്തതിന്റെ ഫലമാകുന്നു. ഇങ്ങിനെയൊരു കടമ മാതാപിതാക്കൾക്കുണ്ടെന്നു തെറ്റായോ ശരിയായോ അറിയാത്തവരാണു് നമ്മിൽ ഭൂരിപക്ഷവും. മാത്രമല്ല ഈ വിഷയത്തിൽ അലസത കാണിക്കുന്നവരും, ഏതു മതം, ഏതു് ആചാരം എന്നു നിഷേധിക്കുന്നവരും ധാരാളമുണ്ടു്.

ആൺകുട്ടികളേയും പെൺകുട്ടികളേയും ഇസ്ലാമികമായി വളർത്തുന്നതിലും വിദ്യാഭ്യാസം ചെയ്യിക്കുന്നതിലും മാതാപിതാക്കന്മാർക്കു മാത്രമല്ല ചുമതലയുള്ളതു്. നാട്ടിലെ പ്രധാനികൾ, മതപണ്ഡിതന്മാർ, നേതാക്കന്മാർ, പൊതുക്കാര്യപ്രസക്തന്മാർ ധനവാന്മാർ തുടങ്ങിയവർക്കും കടമയുണ്ടു്.

സംസ്കാരം

ലൌകികമായും മാനസികമായും അഭിവൃദ്ധിയെ പ്രാപിക്കുന്നതിനു പരിശീലനം കൊണ്ടു ലഭ്യമാകുന്ന ഒന്നാകുന്നു സംസ്കാരം. ഹൃദയത്തെ പാപകർമ്മങ്ങളിൽ നിന്നു ശുദ്ധീകരിക്കുകയും ബാഹ്യമായ നടപടിക്രമങ്ങളെ ക്രമീകരിക്കുകയും ചെയ്യുമ്പോൾ സംസ്കാരം സംസിദ്ധമാകുന്നു. വിദ്യാഭ്യാസവും പരിശീലനവുമാണ് സംസ്കാരത്തിനു അത്യന്താപേക്ഷിതമായിരിക്കുന്നതു്.

നമ്മുടെ സംസ്കാരം

ലോകത്തിനു മാതൃകാപരമായ ഒരു സംസ്കാരത്തെ പ്രദാനം ചെയ്തവരായ നാം ഇന്നു സംസ്കാരശൂന്യരായി അധഃപതിച്ചുപോയിരിക്കുന്നു. ഇതിനു് ഉത്തരവാദികൾ നമ്മുടെ നേതാക്കന്മാർ തന്നെയാണു്. ഏക സംസ്കാരവാദം രംഗപ്രവേശം ചെയ്തിരിക്കുന്ന ഈ സന്ദർഭത്തിൽ വ്യത്യസ്തമായ സംസ്കാരമുള്ള മുസൽമാൻ അവന്റെ സംസ്കാരത്തെ പരിരക്ഷിക്കുവാൻ ഉണർന്നു പരിശ്രമിക്കേണ്ടതായിരിക്കുന്നു. വിഭിന്ന സംസ്കാരങ്ങൾ മുസ്ലിംസംസ്കാരത്തെ ന്യൂമൈൽവേഗത്തിൽ നശിപ്പിച്ചുകൊണ്ടിരിക്കുന്നു എന്നുള്ള കാര്യം മുസൽമാൻ വിസ്മരിക്കരുതു. മുസ്ലിംസംസ്കാരം ഇന്നു് അപകടത്തിലാണു്. നമുക്കു രക്ഷ പ്രാപിക്കണമെന്നുണ്ടെങ്കിൽ, ഇസ്ലാമികമായ ജീവിതം നയിക്കണമെന്നുണ്ടെങ്കിൽ മതബോധമുള്ളവരും സംസ്കാരസമ്പന്നരുമായ മതപണ്ഡിതന്മാരെക്കൊണ്ടു മദ്രസകളും സ്റ്റഡീക്ലാസുകളും ആധുനികരീതിയിൽ നടത്തേണ്ടിയിരിക്കുന്നു. കുട്ടികളെ മാത്രമല്ല പ്രായമായവരേയും സംസ്കാരം അഭ്യസിപ്പിക്കേണ്ടതായിട്ടാണു

ഇരിക്കുന്നതു്. മുസൽമാന്മാരെ! ഉണരുക. നമ്മുടെ മത ത്തേയും സംസ്കാരത്തെയും സംരക്ഷിക്കുവാൻ മുമ്പോട്ടു വരിക.

മതപണ്ഡിതന്മാർ

ഉലമാക്കൾ നബിമാരുടെ അനന്തിരാവകാശികളാ ണെന്നു ഭാവിക്കുന്നുണ്ടെങ്കിലും അവരുടെ ചുമതല അവർ ശരിക്കു നിവ്വഹിക്കുന്നില്ല. അവരുടെ ജ്ഞാന ത്തെ, ജീവിക്കുന്നതിനുള്ള ഒരായുധമായിമാത്രം ഉപയോ ഗിക്കുന്നതുകൊണ്ടു്, ജനങ്ങളിൽ യാഥാർത്ഥ്യത്തെ ഉപ ദേശിക്കുക എന്നുള്ള ധർമ്മത്തെ അവർ കൈവെടിഞ്ഞു കളഞ്ഞു. താല്ക്കാലികമായ ആദായത്തെമാത്രം മോഹിച്ചു അല്ലാഹുവിന്റെ ദീനിനെ അവർ കളങ്കപങ്കിലമാക്കി. ഇന്നു ലോകത്തു കാണുന്ന മതപരമായ കുഴപ്പങ്ങൾ ഇത്തരം പണ്ഡിതന്മാർ ഉണ്ടാക്കി തീർത്തതാകുന്നു. ഈ വിഷയത്തെ പുരസ്കരിച്ചു ഇമാംഗസ്സാലി (റ) അദ്ദേഹ ത്തിന്റെ ഇഹ്‌യാ ഉൽ ഉലൂം തുടങ്ങിയ ഗ്രന്ഥങ്ങളിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ടു്:

ധനവാന്മാർ

ധനവാന്മാർ അവരുടെ ധനത്തെ, അല്ലാഹുവും അവന്റെ റസൂലും കല്പിച്ചപ്രകാരം ചെലവു ചെയ്യുന്നില്ല. അവരിൽ പലരും യഥേഷ്ടം ധനത്തെ അധ മ്മമാർഗ്ഗങ്ങളിൽ വിനിയോഗിക്കുകയും ചെയ്യുന്നു. ഇത്തരം ധനവാന്മാർക്കു മേൽപ്രസ്താവിച്ചരീതിയിലുള്ള പണ്ഡിത ന്മാർ കൂട്ടുനില്ക്കുകയും ചെയ്യുന്നു. നമ്മുടെ ധനവാന്മാർ അവരുടെ ചുമതല ശരിക്കു നിവ്വഹിച്ചിരുന്നുവെങ്കിൽ സാമുദായികമായും മതപരമായുമുള്ള യാതൊരു കുഴപ്പ ങ്ങളും നാട്ടിൽ കടന്നുകൂടുകയില്ലായിരുന്നു. പ്രത്യുത എല്ലാവിധത്തിലുള്ള അഭിവൃദ്ധിയും, അവരുടെ നിസ്വാ

ത്ഥമായും നിഷ്കളങ്കമായുമുള്ള പ്രവൃത്തിയാൽ സംജാതമാകുന്നതാണ്. കേവലം നമ്മുടെ ധർമ്മങ്ങളെ നാം ഗണ്യമാക്കാത്തതുകൊണ്ടാണ് ഇന്നു നാം അധഃകൃതരെക്കാൾ താഴ്ന്ന നിലയിൽ എത്തിയിരിക്കുന്നത്.

"നിങ്ങളോരോരുത്തരും ഭരണകർത്താക്കളാകുന്നു. അവരുടെ ഭരണീയരെക്കുറിച്ചു ചോദിക്കപ്പെടുന്നവരാകുന്നു" എന്നു നബി (സ) തിരുമേനി അരുളിച്ചെയ്തിരിക്കുന്നു. ഈ ഹദീസിനെ ആസ്പദമാക്കി അന്ത്യദിവസത്തിൽ മാതാപിതാക്കന്മാരോടു അവരുടെ സന്താനങ്ങളെക്കുറിച്ചും, ഭർത്താക്കന്മാരോടു അവരുടെ ഭാര്യമാരെക്കുറിച്ചും, ഉസ്താദിനോടു ശിഷ്യന്മാരെക്കുറിച്ചും, പ്രമാണികളോടു അവരുടെ അധീനതയിൽ ഉള്ളവരെക്കുറിച്ചും, പണ്ഡിതന്മാരോടു പാമരന്മാരെക്കുറിച്ചും ചോദിക്കപ്പെടുന്നതാണ്. വിശുദ്ധഖുർആനിൽ പ്രസ്താവിച്ചിട്ടുള്ളതു നോക്കുക. "അവരെ നിങ്ങൾ നിറുത്തുക. നിശ്ചയമായും അവർ ചോദിക്കപ്പെടേണ്ടവരാണ് എന്നു മലക്കുകളോട് അല്ലാഹു ആജ്ഞാപിക്കുന്നതാണ്." പരലോകത്തു ഇവരോടു അല്ലാഹുവിന്റേയും റസൂലിന്റേയും ആജ്ഞകളെ ധിക്കരിച്ചുകൊണ്ടുള്ള പ്രവൃത്തികളെപ്പറ്റി ചോദിക്കപ്പെടുന്നതാണെന്നു ഓർമ്മിക്കേണ്ടതാകുന്നു.

മദ്രസകൾ

ഇന്നു ഹിന്ദുസ്ഥാനത്തിന്റെ നാനാഭാഗങ്ങളിലുമുള്ള മദ്രസകളെ പരിശോധിച്ചാൽ അവയിൽ ഉയർന്നനിലയിൽ നടത്തുന്ന മദ്രസകളൊഴിച്ച് മറ്റുള്ളവ നാമമാത്രമായും വിദ്യാർത്ഥികൾക്കു പ്രയോജനപ്പെടാതെയും ഇരിക്കുന്നതായി കാണാം. ഇസ്ലാമികമായി നോക്കുമ്പോൾ അന്നന്ന് ആവശ്യമായ അറിവുകളെ വിദ്യാർത്ഥികളെ

പഠിപ്പിക്കുക എന്നുള്ളതാണു കടമയായിട്ടുള്ളതു്. ഭൂരിപക്ഷം മദ്രസകളിലും വിശുദ്ധ ഖുർആൻ അതിന്റെ നിയമമനുസരിച്ചു പഠിപ്പിക്കുന്നില്ല. പിന്നെ ദീനിയാത്തിന്റെ കാര്യം പറയാനുമില്ല. വൃത്തിയായും ഭംഗിയായും ഖുർആനിനെ ഓതണമെന്നു വിശുദ്ധ ഖുർആനും, ഹദീസും നമ്മെ ഉൽബോധിപ്പിക്കുന്നു.

ഖുർആൻ ഉച്ചാരണശുദ്ധിയോടും നിയമങ്ങളനുസരിച്ചും ഓതേണ്ടതു നിർബന്ധമാകുന്നു. അതിന്റെ നിയമങ്ങൾക്കു വിപരീതമായി ഓതുന്നതു പാപമാകുന്നു. അങ്ങിനെ ചെയ്യുന്നവരെ ഖുർആൻ ശപിച്ചുകൊണ്ടിരിക്കുന്നതാണു്.

ഉസ്താദന്മാർ

മതബോധമോ സംസ്കാരമോ ഇല്ലാത്തവരോ മതത്തെ നിഷേധിക്കുന്നവരോ ആയ കുറെ നേതാക്കന്മാരും അതുപോലെ തന്നെ വെറും ഉദരപൂരണത്തിനായി നടക്കുന്ന സ്വാർത്ഥതല്പരരും സംസ്കാരശൂന്യരുമായ അദ്ധ്യാപകന്മാരും ആണു് മേൽപ്രസ്താവിച്ച ദോഷത്തിനു ഉത്തരവാദികൾ. മതപണ്ഡിതന്മാരുടെ യോഗ്യത നിശ്ചയിക്കാൻ യാതൊരു മാനദണ്ഡവും നമ്മുടെ ഇടയിൽ നിശ്ചയിച്ചിട്ടില്ലാത്തതുകൊണ്ടു് ആൾക്കൂട്ടത്തെ മൌലവിയും, മുസല്യാരും, മൊല്ലയും, ലബ്ബയും ആകാൻ പ്രയാസമില്ല. ഇത്തരക്കാരെക്കൊണ്ടു സമുദായത്തിനു് ഉണ്ടായിക്കൊണ്ടിരിക്കുന്ന ആപത്തുകൾ ചില്ലറയൊന്നുമല്ല. സംസ്കാരത്തിന്റെ കണികപോലുമില്ലാത്ത കുന്നുകൂട്ടിനടക്കുന്നവനും നമ്മുടെ ഇടയിൽ മതപണ്ഡിതനാണു്. ഇതിനുള്ള പരിഹാരമാർഗ്ഗം ജനസാമാന്യത്തെ മതബോധമുള്ളവരാക്കിത്തീർക്കുക മാത്രമാണു്.

സന്താനങ്ങൾ

കുട്ടികളെ വളർത്തേണ്ട വിധത്തെപ്പറ്റി മഹാനായ ഇമാംഗസ്സാലി(റ) ഇപ്രകാരം എഴുതിയിരിക്കുന്നു:—

സന്താനങ്ങൾ എന്നതു മാതാപിതാക്കന്മാരുടെ പക്കൽ ഏല്പിക്കപ്പെട്ട ഒരു 'അമാനത്തു' ആകുന്നു. കുട്ടികളുടെ പരിശുദ്ധമായ ഹൃദയം വിശിഷ്ടമായ രത്നത്തെപ്പോലെ നിർമ്മലവും, ഏതു ചിത്രത്തേയും പകർത്തുന്ന മെഴുകിനു തുല്യവും ഏതു വിത്തു വിതച്ചാലും മുളയ്ക്കുന്ന ഗുണമേറിയ ഭൂമിക്കു തുല്യവും ആയിരിക്കുന്നു. അതിൽ നീ നന്മയാകുന്ന വിത്തു വിതയ്ക്കുന്നതായാൽ കുട്ടികൾ ദീനിലും ദുന്യാവിലും സൽപദവിയെ പ്രാപിക്കും. മാത്രമല്ല അവരുടെ നന്മയിൽ മാതാപിതാക്കന്മാരും ഉസ്താദും പങ്കുകാരായും തീരും. നേരെമറിച്ചു പ്രവർത്തിച്ചാൽ അവർ ദുഷിച്ചവരാകയും അവരുടെ പാപങ്ങളെ മാതാപിതാക്കന്മാരും ഉസ്താദും പങ്കിട്ടനുഭവിക്കേണ്ടിവരികയും ചെയ്യും. "നിങ്ങൾ നിങ്ങളുടെ നഫ്സുകളേയും കുടുംബത്തേയും നരകാഗ്നിയിൽനിന്നു സുരക്ഷിതമാക്കിക്കൊള്ളുവിൻ" എന്നു് അല്ലാഹുത്ത ആലാ വിശുദ്ധ ഖുർആനിൽ പറഞ്ഞിരിക്കുന്നു. കുട്ടികളെ ദുർന്യാവിലെ അഗ്നി സ്പർശിക്കാതെ രക്ഷിക്കുന്നതിനെക്കാൾ എത്രയോ വിഷമമാണു് നരകാഗ്നിയിൽനിന്നും രക്ഷിക്കുന്നതു്. സൂക്ഷിച്ചു രക്ഷിക്കുക എന്നുള്ളതിന്റെ താല്പര്യം അവരെ സന്മാർഗ്ഗത്തിൽ നടത്തുകയും നന്മതിന്മകളെ നിർദ്ദേശിച്ചു് അവരെ 'അദബു' പരിശീലിപ്പിക്കുകയും ദുഷിച്ച സഹവാസത്തിനിടയാകാതെ സൂക്ഷിക്കുകയും ആകുന്നു. ദുഷിച്ച സഹവാസമാണു് സകല ദുർഗ്ഗുണങ്ങൾക്കും അസ്ഥിവാരമായിരിക്കുന്നതു്. കുട്ടികളെ വിശിഷ്ടാഹാരങ്ങളിലും വസ്ത്രാലങ്കാരങ്ങ

ളിലും പരിശീലിപ്പിക്കേണ്ടതു്. പിന്നീടു് അവയെ ഉപേക്ഷിക്കാൻ അവരാൽ അശക്യമായിത്തീരും. അതിനു വേണ്ടി പ്രയത്നിച്ചു് അവർ ജീവിതത്തെ പാഴാക്കാനും ഇടവന്നേക്കും.

ആരംഭത്തിൽ തന്നെ കുഞ്ഞുങ്ങൾക്കു പാൽ കൊടുക്കുന്നതിനു സൽഗുണയുക്തയും ഹലാലായ മുതൽ ഭക്ഷിക്കുന്നവളുമായ ഒരു നല്ല സ്ത്രീയെ തിരഞ്ഞെടുക്കണം. പാൽ കൊടുക്കുന്ന സ്ത്രീയിൽ എന്തെങ്കിലും ദുർഗുണം ഉണ്ടായിരുന്നാൽ അതു കുട്ടികളിലും ഉണ്ടാകുമെന്നുള്ളതാണു് ഇതിനു കാരണം. ഹറാമായ ഭക്ഷണത്തിൽ നിന്നും ഉത്ഭവിക്കുന്ന പാൽ അശുദ്ധമാകുന്നു. കുട്ടികളുടെ മാംസ ചർമ്മാദികളും ഇപ്രകാരം അശുദ്ധമായ പാലിനാൽ പുഷ്ടിപ്രാപിക്കുന്നതായാൽ ആ പാലിൽ അന്തർല്ലീനമായ ഒരു ഗുണമെങ്കിലും പ്രായപൂർത്തിയാകുമ്പോഴും അവരിൽനിന്നും പ്രത്യക്ഷമാകാതിരിക്കയില്ല. കുട്ടികളും സംസാരിക്കാറായാൽ ആദ്യമായി അല്ലാഹു എന്ന നാമത്തെ ഉച്ചരിക്കാൻ അവരെ പഠിപ്പിക്കണം. ഏതെങ്കിലും കാര്യത്തിൽ അവർ ലജ്ജ ഭാവിക്കുന്നതായി കണ്ടാൽ അതു ഒരു അനുഗ്രഹമായും, ബുദ്ധിയാകുന്ന ഒളി അവനിൽ പ്രകാശിക്കുന്നതിനാൽ ദുഷ്പ്രവൃത്തികളിൽ സങ്കോചമുണ്ടായതിന്റെ ഒരു സാക്ഷ്യപത്രമാണു ഈ ലജ്ജയെന്നും അനുമാനിയ്ക്കേണ്ടതാണു്.

കുട്ടികളിൽ അങ്കുരിക്കുന്ന ആശകളിൽ പ്രഥമമായതു ആഹാരാസക്തിയാകുന്നു. അതിനാൽ ഭക്ഷണവിഷയത്തിൽ വേണ്ട അദബുകളെ ആദ്യമായി പരിശീലിപ്പിക്കണം. വലതുകൈകൊണ്ടു ആഹാരം എടുത്തു ഭക്ഷിക്കുന്നതിനും 'ബിസ്മില്ലാഹ്' പറയുന്നതിനും, ധൃതികാണിക്കാതെ ശാന്തമായിരുന്നു ചവച്ചു ഭക്ഷിക്കുന്നതിനും,സമീ

പത്തിരിക്കുന്നവരുടെ ഭക്ഷണവിധത്തെ ശ്രദ്ധിക്കാതിരിക്കുന്നതിനും, തന്റെ മുമ്പിൽ ഇരിക്കുന്നതുമാത്രം എടുത്തു ഭക്ഷിക്കുന്നതിനും, വായിൽ ഇരിക്കുന്ന സാധനം ചവച്ചു ഇറക്കുന്നതിനു മുമ്പായി വീണ്ടും ആഹാരസാധനം എടുക്കാതിരിക്കുന്നതിനും കൈയ്യിലും വസ്ത്രങ്ങളിലും മറവും കറികളും വീഴാതെ ശ്രദ്ധിക്കുന്നതിനും അവരെ ശീലിപ്പിക്കണം. എപ്പോഴും ചാറുള്ള ആഹാരം കഴിച്ചു ശീലിക്കാതെ ചില സമയങ്ങളിൽ വെറും റൊട്ടിയോ ചോറോ കൊടുക്കണം. അമിതഭക്ഷണത്തിന്റെ ദുഷ്യവശങ്ങളെ വിവരിച്ചു അതു മൃഗങ്ങളുടേയും മൂഢന്മാരുടേയും പ്രകൃതമാണെന്നു അവരെ ധരിപ്പിക്കണം. അമിതഭക്ഷണം കഴിക്കുന്ന കുട്ടികളെപ്പറ്റി ദുഷിച്ചും, അദ്ധ്വാനമുള്ള കുട്ടികളെപ്പറ്റി സ്തുതിച്ചും പറഞ്ഞു കേൾപ്പിക്കണം. തന്നെപ്പറ്റിയും ഇപ്രകാരം അന്യർ സ്തുതിക്കണമെന്നുള്ള ഒരു വിചാരം അവരിൽ വളർത്തിയാൽ അവരും അപ്രകാരം പ്രവർത്തിക്കും. വെള്ളവസ്ത്രമാണു നല്ലതു് എന്ന വിചാരം കുട്ടികളിൽ ഉണ്ടാകത്തക്കവിധം അതിനെക്കുറിച്ചു പുകഴ്ത്തിയും പട്ടുവസ്ത്രങ്ങളും നിറപകിട്ടുള്ള വസ്ത്രങ്ങളും ആശിക്കാത്ത വിധത്തിൽ അതിനെപ്പറ്റി ദുഷിച്ചും പറയുന്നതോടുകൂടി അപ്രകാരമുള്ള വസ്ത്രങ്ങൾ ധരിക്കുന്നതു സ്ത്രീകളാണെന്നും വിശേഷിച്ചും ശൃംഗാരലക്ഷണമാണെന്നും ശൃംഗാരവേഷം കെട്ടുന്നതു മുഖ്യന്മാരുടെ (സ്ത്രീത്വം ഉള്ളവൻ) പ്രവൃത്തിയാണെന്നും പുരുഷന്മാരുടെ പ്രവൃത്തിയല്ലെന്നും ഉപദേശിക്കണം. പട്ടുവസ്ത്രങ്ങൾ ധരിക്കുന്നവരും വിശിഷ്ടാഹാരങ്ങൾ കഴിക്കുന്നവരും സ്വാതന്ത്ര്യന്മാരുമായ കുട്ടികളുമായി കൂടി നടക്കാൻ അനുവദിക്കരുതു്. അവരെ അനുകരിക്കാതെ ഇരിക്കുന്നതിനാണു് ഇപ്രകാരം നിഷ്കർഷിക്കുന്നതു്. അതുപോലെതന്നെ ദുർഗ്ഗുണമുള്ള കുട്ടികളോടും ഇടപഴ

കാതെ സൂക്ഷിക്കണം. ഇങ്ങനെ സൂക്ഷ്മമില്ലാതെ വളരുന്ന കുട്ടികൾ ലജ്ജയില്ലാത്തവരും ക്രൂരലില്ലാത്തവരുമായി ഭവിക്കുന്നു. കളവു പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നതിനും എന്തും പ്രവർത്തിക്കുന്നതിനും ഇവർക്കു ഭയമുണ്ടാകയില്ല. വളരെക്കാലംവരെ ഈ ഗുണങ്ങൾ അവരെ വിട്ടുമാറുകയുമില്ല.

മദ്രസയിൽ അയച്ചാൽ ആദ്യമായി ഖുർആനെ അഭ്യസിപ്പിക്കണം. അതിൽ പിന്നീട് സാലിഹായവരുടെ ചരിത്രങ്ങളേയും, സഹാബാക്കൾ, സലഫു സാലിഹീങ്ങൾ തുടങ്ങിയവരുടെ നടപടികളേയും പഠിപ്പിക്കണം. ഇഹലോകസുഖ വിവരണങ്ങളും സ്ത്രീവർണ്ണനകളുമടങ്ങിയ പാഠങ്ങൾ പഠിക്കാതെ ഭദ്രമായി സൂക്ഷിക്കണം. ഈ വിധമായ പാഠങ്ങൾ പഠിക്കുന്നതിനാൽ തീക്ഷ്ണബുദ്ധിയായിതീരുമെന്നഭിപ്രായപ്പെടുന്ന ഉസ്താദിൽ നിന്നും കുട്ടികളെ രക്ഷിക്കണം. അയാൾ അദബു പഠിപ്പിക്കാൻ യോഗ്യനല്ല എന്നുള്ളതാണ് കാരണം. പ്രത്യുത അയാൾ ഹൃദയത്തിൽ ദുഷിച്ച വിത്തു പാകുന്ന ശൈത്താനാകുന്നു. കുട്ടികൾ ഒരു നല്ല പ്രവൃത്തിചെയ്യുകയോ അവരിൽ നിന്നും ഒരു ഉത്തമ ഗുണം പ്രത്യക്ഷമാകയോ ചെയ്യുന്നതായാൽ അവർ ഇഷ്ടപ്പെടുന്ന പാരിതോഷികം നൽകി അവരെ സന്തോഷിപ്പിക്കണം. ജനങ്ങളുടെയിടയിൽ വച്ചു അതിനെക്കുറിച്ചു പുകഴ്ത്തിപ്പറയുകയും വേണം. എന്നാൽ അവർ എന്തെങ്കിലും തെറ്റു പ്രവർത്തിക്കുന്നെങ്കിൽ വിശേഷിച്ചും അതു രഹസ്യമായി ചെയ്യുന്നെങ്കിൽ ഒന്നു രണ്ടു തവണ കണ്ടില്ലെന്നു ഭാവിക്കണം. അതു ഒരു നിസ്സാര സംഗതിക്കായുള്ള ശാസന അവന്റെ കാതിൽ പെട്ടതാതിരിക്കുന്നതിനു വേണ്ടിയാകുന്നു. ശാസന അധിക

രിച്ചാൽ പിന്നെയവൻ ക്രമേലില്ലാതെ പ്രത്യക്ഷത്തിൽ തെറ്റു പ്രവർത്തിച്ചു തുടങ്ങും. പലതവണ തെറ്റു പ്രവർത്തിക്കുന്നതായി കണ്ടാൽ കുട്ടിയെ രഹസ്യമായി വിളിച്ചു 'മേലാൽ നിന്നിൽ നിന്നും ഇപ്രകാരമൊരു കൃത്യം പ്രത്യക്ഷപ്പെടരുതു' ഭദ്രം എന്നു താക്കീതു കൊടുക്കണം. നീ ജനമദ്ധ്യത്തിൽ ആക്ഷേപപാത്രമാകും, നിന്നെ ആരും ബഹുമാനിക്കുകയില്ല എന്ന വിവരം ധരിപ്പിച്ചു അവനു ഭയമുണ്ടാക്കണം. പിതാവു് പുത്രനിൽ അയാളുടെ ഘനഭാവം സംരക്ഷിക്കണം. മാതാവാകട്ടെ പിതാവിനെ കുറിച്ചുള്ള ഭയം ജനിപ്പിക്കണം. കുട്ടികളെ പകൽ ഉറങ്ങാൻ അനുവദിക്കരുതു്. അതു അലസതയുടെ കാരണമാകും. രാത്രിയിലും മൃദുവായ ശയ്യോപകരണങ്ങളിൽ കിടത്തരുതു്. ദിവസം ഒരു മണിക്കൂർ നേരം കളികളിൽ ഏർപ്പെടുന്നതിനു കുട്ടികളെ അനുവദിക്കണം. അവയവങ്ങളുടെ ദൃഢതയ്ക്കും മാനസവികാസത്തിനും വ്യായാമം അത്യന്താപേക്ഷിതമാകുന്നു. മനസിനു മുഷിവുണ്ടായാൽ ദുർഗ്ഗുണങ്ങൾ അങ്കുരിക്കുകയും മനസ്സു കരുടായി പോകയും ചെയ്യും.

എല്ലാവരോടും വണക്കമായി പെരുമാറുന്നതിനും, മറ്റു കുട്ടികളോടു പെരുമ നടിക്കാതിരിക്കുന്നതിനും. വൻപുപറയാതിരിക്കുന്നതിനും അന്യ കുട്ടികളിൽ നിന്നും ഒന്നും വാങ്ങാതിരിക്കുന്നതിനും സാധിക്കുമെങ്കിൽ മറ്റുള്ളവക്കു വല്ലതുംകൊടുക്കുന്നതിനുംഉപദേശിക്കണം. അന്യരിൽനിന്നും പലതും സ്വീകരിക്കുന്നതു ഫക്കീറുകളുടേയും കേവല ജനങ്ങളുടേയും പ്രവൃത്തിയാണെന്നു് കുട്ടികളെ മനസ്സിലാക്കണം. നാണയങ്ങളോ മറ്റു സാധനങ്ങളോ ഒന്നുംതന്നെ ആരിൽനിന്നുംസ്വീകരിക്കാ

നുള്ള ആശ കുട്ടികളിൽ വളത്തരുതു്. ഈ സ്വഭാവം അവരെ ദുഷിപ്പിക്കുകയും അവർ ദുഷിച്ച പ്രവൃത്തികളിൽ ഇടപെടുകയും ചെയ്യും. താഴെപറയുന്ന സംഗതികൾ അവരെ പ്രത്യേകം ഓർമ്മിപ്പിക്കണം. ജനങ്ങളുടെ ഇടയ്ക്കുവച്ചു തുപ്പുകയോ മൂക്കു ചീറുകയോ ചെയ്യരുതു്. ജനങ്ങൾ കൂടിയിരിക്കുന്ന സ്ഥലത്തു പുറംതിരിഞ്ഞിരിക്കരുതു്. നല്ലരീതിയിൽവേണം ഇരിക്കേണ്ടതു്. താടിയിൽ കൈകൊടുത്തു ഇരിക്കരുതു്, അതു അലസന്റെ ലക്ഷണമാകുന്നു. അധികം സംസാരിക്കരുതു്. സത്യംചെയ്യുകയെന്നുള്ളതു് നിർദ്ദോഷം ഉപേക്ഷിക്കണം. ചോദിക്കുന്നതിനു മുമ്പു ഉത്തരം പറയരുതു്. തന്നിൽനിന്നും പ്രായം കൂടിയവരെ ബഹുമാനിക്കണം. അവരുടെ മുമ്പിൽ കയറി നടക്കരുതു്. അസഭ്യപദങ്ങളോ ശാപവാക്കുകളോ ഉച്ചരിക്കാതെ നാവിനെ നിയന്ത്രിക്കണം. ഉസ്താദു കായ്വശാൽ അടിയുണ്ടാകുന്നതായാൽ നിലവിളിച്ചു കരയുകയോ പരാതിപ്പെടുകയോ ചെയ്യരുതു്. സഹനം പുരുഷലക്ഷണവും കരയുന്നതു സ്ത്രീകളുടേയും ഭീരുജനങ്ങളുടേയും പ്രകൃതവുമാണു്. കുട്ടികൾക്കു ഏഴുവയസ്സു പ്രായമായാൽ വുസു ചെയ്യുന്നതിനും നമസ്കരിക്കുന്നതിനും അവരെ സ്നേഹപൂർവ്വം ഉപദേശിക്കണം. പത്തു വയസ്സിനുശേഷം അതിൽ അവർ കുറവു വരുത്തിയാൽ അടികൊടുത്തു അഭ്യസിപ്പിക്കണം. കളവു പറയുകയും പ്രവർത്തിക്കുകയും ചെയ്യുക, ഹറാമായതുതൽ ഭക്ഷിക്കുക മുതലായവ ചീത്തയാണെന്നു ധരിക്കത്തക്കവിധത്തിൽ അവയെപ്പറ്റി ആക്ഷേപിച്ചു പറഞ്ഞു കേൾപ്പിക്കണം.

ഒരു കുട്ടിയെ ഈവിധം സന്മാർഗ്ഗങ്ങളിൽ ചരിപ്പിച്ചു വളർത്തി പ്രായപൂർത്തിയാകുമ്പോൾ സൽപ്രവൃത്തിക

ളുടെ രഹസ്യങ്ങൾ അവന്റെ ഹൃദയത്തിൽ പതിയത്ത
ക്കവിധം ഓരോന്നായി പറഞ്ഞുകൊടുക്കണം. അതെങ്ങി
നെയെന്നാൽ അല്ലാഹുത്തആലായെ ആരാധിക്കുന്നതിനു
വേണ്ട കായശക്തി ലഭിക്കുന്നതിനാണ് ഭക്ഷണം കഴി
ക്കുന്നതെന്നും, ആഖിറത്തിനു ആവശ്യമായവകളെ സമ്പാ
ദിക്കുന്നതാണ് ദുൻയാവിലെ പ്രധാന കർത്തവ്യമെന്നും,
ഇഹലോകസുഖങ്ങൾ ശാശ്വതമല്ലെന്നും, അവിചാരി
തമായി അതിശീഘ്രം മരണം സംഭവിക്കുമെന്നും, പര
ലോകത്തു സ്വർഗ്ഗത്തേയും അല്ലാഹുവിന്റെ പ്രീതിയേയും
സമ്പാദിക്കുന്നതിനു സഹായകമായവയെ ഇഹലോക
ത്തുവച്ചു സമ്പാദിക്കുന്നവനാണു ബുദ്ധിമാനെന്നും കൂടിക
ളോട് പറഞ്ഞു മനസ്സിലാക്കണം. സ്വർഗ്ഗനരകങ്ങളെ
വർണ്ണിക്കുകയും നന്മതിന്മകളുടെ പ്രതിഫലങ്ങൾ ഇന്ന
വയാണെന്നു ഗ്രഹിപ്പിക്കുകയും വേണ്ടതാകുന്നു. ബാല്യ
കാലംമുതലേ അടക്കൊട്ടുക്കൂടി വളർത്തുന്നതായാൽ
നമ്മുടെ ഉപദേശങ്ങൾ ശിലാലിഖിതംപോലെ അവ
രുടെ ഹൃദയത്തിൽ ദൃഢമായി പതിയും. നിയന്ത്രണമി
ല്ലാതെ അവരുടെ ഇഷ്ടത്തിനു വിട്ടുവളർത്തിയാൽ ഉപ
ദേശങ്ങളൊന്നും അവരിൽ പതിയാതെ ചുവരിൽനിന്നും
മണ്ണ് ഉതിരുന്നതുപോലെ ഉതിർന്നുപോകും.

സഫ്വത്തുസ്സൂരി (റ) ഇപ്രകാരം പ്രസ്താവിച്ചിരി
ക്കുന്നു:—ഞാൻ മൂന്നു വയസ്സു പ്രായമുള്ള കുട്ടിയായിരുന്ന
കാലത്തു എന്റെ മാതുലനായ മുഹമ്മദുഇബ്നുസവാർ
രാത്രിയിൽ നമസ്കരിക്കുന്നതിനെ ഞാൻ നോക്കിക്കൊ
ണ്ടിരിക്കാറുണ്ടായിരുന്നു. കുഞ്ഞേ ! നീ നിന്നെ സൃഷ്ടിച്ച
അല്ലാഹുവിനെ സ്മരിക്കുന്നില്ലേ? എന്നു അദ്ദേഹം ഒരു
ദിവസം എന്നോടു ചോദിച്ചു: അവനെ സ്മരിക്കേണ്ടതു

എപ്രകാരമാണെന്നു ഞാൻ ചോദിച്ചതിനുത്തരമായി അദ്ദേഹം പറഞ്ഞു: നീ രാത്രിയിൽ മെത്തയിൽ കിടക്കുന്ന സമയത്തു് 'അല്ലാഹുത്ത ആലാ എന്നോട്ടക്രുടിയുണ്ടു്'; അവൻ എന്നെ സസൂക്ഷ്മം വീക്ഷിക്കുന്നു' എന്നു് നാവിനെ ചലിപ്പിക്കാതെ മനസ്സിൽ മൂന്നു പ്രാവശ്യം ചൊല്ലുക. ഞാൻ ആ വിധം കുറച്ചുനാൾ പറഞ്ഞുകൊണ്ടിരുന്നു. അനന്തരം ഏഴു പ്രാവശ്യം പറയണമെന്നു് അദ്ദേഹം ഉപദേശിച്ചു. പിന്നീടു് പതിനൊന്നു പ്രാവശ്യം പറയണമെന്നും നിർദ്ദേശിച്ചു. അപ്രകാരംതന്നെ ഞാൻ ആചരിച്ചുകൊണ്ടിരുന്നു. ദിവസം കഴിയുംതോറും അതിന്റെ രസം എന്റെ ഹൃദയത്തിൽ ദൃഢപ്പെട്ടുകൊണ്ടിരുന്നു. ഒരു വർഷം കഴിഞ്ഞശേഷം അദ്ദേഹം എന്നോടു പറഞ്ഞു:—"കുഞ്ഞേ! നീ ഖബറിലേക്കു യാത്രയാകുന്നതുവരെ അതായതു ജീവിതകാലം മുഴുവൻ ഞാൻ പറഞ്ഞതിനെ സ്മരിച്ചുകൊള്ളുക. അതു് ഇഹലോകത്തും പരലോകത്തും നിനക്കു താങ്ങായിരിക്കും." അദ്ദേഹത്തിന്റെ ഉപദേശം അനുസരിച്ചു കുറെക്കാലം ഞാൻ പ്രവർത്തിച്ചുകൊണ്ടിരുന്നു. തന്നിമിത്തം എന്റെ ഹൃദയത്തിൽ ഒരുവിധമായ ആനന്ദമുണ്ടായി. ഒരുദിവസം എന്റെ മാതുലൻ എന്നോടു പറഞ്ഞു: "അല്ലാഹുത്തആലാ അരെ സസൂക്ഷ്മം വീക്ഷിച്ചുകൊണ്ടിരിക്കുന്നുവോ അവൻ പാപകൃത്യങ്ങളിൽ ഇടപെടരുതു്; ഓമ്മയിരിക്കട്ടെ. നീ പാപം ചെയ്യരുതു്. അല്ലാഹു നിന്നെ ശ്രദ്ധിക്കുന്നുണ്ടു്." എന്നെ ഉസ്താദിന്റെ അടുക്കൽ വിദ്യാഭ്യാസത്തിനു അയച്ചപ്പോഴും

എന്റെ ഹൃദയം ഏകാഗ്രതയിൽ നില്ക്കാതെ പല വഴിക്കു പാഞ്ഞുപോയി. അതിനാൻ ഖുർആൻ ഓതുന്നതിനുമാത്രം ദിവസവും ഒരു മണിക്കൂർ സമയം എന്നെ വിദ്യാലയത്തിൽ അയച്ചാൽ മതി എന്നു ഞാൻ അപേക്ഷിച്ചു. അതു വിധംപോയി ഞാൻ ഖുർആൻ അഭ്യസിച്ചു. അക്കാലത്തു എനിക്കു ഏഴു വയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളൂ. പത്തു വയസ്സുമുതൽ 12 വയസ്സുവരെയും ഇടവിടാതെ തുടച്ചയായി ഞാൻ വ്രതം അനുഷ്ഠിച്ചു. ഇക്കാലങ്ങളിൽ തൊലിക്കോതമ്പു കൊണ്ടുള്ള റൊട്ടിയാണു് ഞാൻ ആഹാരമായി സ്വീകരിച്ചിരുന്നതു്. പതിമ്മൂന്നാമത്തെ വയസ്സിൽ എന്റെ ഹൃദയത്തിൽ ഒരു സംശയാവഹമായ വിഷയം ഉദയംചെയ്തു. അതിന്റെ നിവാരണത്തിനായി ഞാൻ ബസറായിലേക്കു പോകാൻ ഉദ്ദേശിക്കുകയും സാമ്പത്തികം പുറപ്പെടുകയും ചെയ്തു. അവിടെയുള്ള ആലിംകളോടെല്ലാം ഞാൻ പ്രസ്തുത മസ്അലയെപ്പറ്റി ചോദിച്ചു. എന്നാൽ അവർ ആരുംതന്നെ ആ സംശയം തീർത്തുതന്നില്ല. 'ഉപാദാൻ' എന്ന സ്ഥലത്തുള്ള ഒരാളിനെ ചെന്നു കാണുവാൻ അവർ എന്നെ ഉപദേശിച്ചു. ഞാൻ അവിടെ പോയി. അദ്ദേഹം എന്റെ സംശയം തീർത്തുതന്നു. ഞാൻ കുറച്ചുകാലം അദ്ദേഹത്തോടൊന്നിച്ചു താമസിച്ചു. പിന്നീടു ഞാൻ ഉസ്തർലേക്കു മടങ്ങിവന്നു വ്രതാനുഷ്ഠാനത്തിൽ ഇടപെട്ടു. തൊലിക്കോതമ്പുകൊണ്ടുണ്ടാക്കിയ റൊട്ടി കഴിച്ചാണു് ഞാൻ നോമ്പു മുറിച്ചിരുന്നതു്. എന്റെ ആഹാരാവശ്യത്തിനു് ഒരു വഷ്ത്തേക്കു് ഒരു 'ദിർഹം' മാത്രമേ ആവശ്യമുള്ളൂ എന്നായി. മൂന്നുദിവസം അഹോരാത്രം ഭക്ഷണം കഴിക്കാതെ കഴിയണമെ

നുള്ള ആഗ്രഹം നിമിത്തം ഞാൻ അതിനുള്ള ശക്തിയും സമ്പാദിച്ചു, പിന്നീട് അഞ്ചു ദിവസവും അനന്തരം ഏഴുദിവസവും ഇങ്ങനെ ആഹാരമുപേക്ഷിച്ചു 20 ദിവ വരെ തുടർച്ചയായി ഉപവസിക്കാനുള്ള ശക്തി എനിക്കു ലഭിച്ചു. ഇരുപതു വർഷം ഈ സ്ഥിതിയിൽ സബൂർ ചെയ്ത എല്ലാ രാത്രികളിലും നിദ്രാവിഹീനനായി ഞാൻ ആരാധിച്ചുകൊണ്ടിരുന്നു."

കഷ്ടമായ ഏതു പ്രവർത്തിക്കും ബാല്യകാലത്തു തന്നെ ബീജാവാപം ചെയ്തിരിക്കണമെന്ന സംഗതി മനസ്സിലാക്കാൻ വേണ്ടിയാണു് മേൽപ്പറഞ്ഞ ഹിക്കായത്തു ഇവിടെ പ്രസ്താവിച്ചതു്.

This is a good book.

ഇതു നല്ലപുസ്തകമാണു്.

മുഹമ്മദ്നബി

നബി (സ) തിരുമേനിയുടെ ജീവചരിത്രവും ഉപദേശങ്ങളും അടങ്ങിയ ഈ ഗ്രന്ഥം സ്കൂൾ പാഠ്യയോഗ്യങ്ങളായ ചരിത്രഗ്രന്ഥങ്ങളെ ആസ്പദമാക്കി രചിച്ചിട്ടുള്ളതാകുന്നു. നബി (സ) യുടെ ജീവിതത്തിലെ പ്രധാന സംഭവങ്ങളെല്ലാം ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

അറേബ്യയുടെ പ്രാചീന ചരിത്രം, അറബികളുടെ ജീവിതരീതി, നബി(സ)യുടെ വംശപരമ്പര, നബി(സ)യുടെ ജനനം, ബാല്യകാലം, വിവാഹം, കഅ്ബാ നവീകരണം, നുബൂവ്വത്ത്, നബിത്വത്തിനു ശേഷമുള്ള സംഭവങ്ങൾ, പരസ്യമായ പ്രബോധനം, ഖുറൈഷികളുടെ ദ്രോഹകൃത്യങ്ങൾ, നിഗ്രഹോദ്യമം, അബ്സീനിയാ പ്രയാണം, ഹംസ(റ)യുടേയും ഉമർ(റ)ന്റേയും ഇസ്ലാം മതസ്വീകരണം, ഖുറൈഷികളുടെ നിസ്സഹകരണം, അബൂതാലിബിന്റേയും ഖദീജാബീബി(റ)യുടേയും ചരമവും അനന്തര സംഭവങ്ങളും, അൽഅക്ബായിലെ ഉടമ്പടികൾ, ഹിജ്റാ, മദീനാവാസം, യുദ്ധാനുമതി, ബദർ യുദ്ധം, ഫാത്തിമായുടെ വിവാഹം, ഉഹ്ദ് യുദ്ധം, മറ്റു ചെറു സമരങ്ങൾ, ഖന്ദക്ക് യുദ്ധം, ഹുദൈബിയാ ഉടമ്പടി, രാജാക്കന്മാർക്കയച്ച കത്തുകൾ, ഖൈബർ യുദ്ധം, മുഅ്ത്താ യുദ്ധം, മക്കാവിജയം, ഹുനൈൻ യുദ്ധം, തബൂക്ക് യുദ്ധം തുടങ്ങിയുള്ള സംഭവങ്ങളെല്ലാം ഈ ഗ്രന്ഥത്തിൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു. 330 ൽ അധികം പേജുകളും കാലിക്കോ ബയൻഡും ഉള്ള ഈ ഗ്രന്ഥത്തിന്റെ വില 2 രൂ. 8 ണ. മാത്രം.

പോസ്റ്റേജുൾപ്പെടെ 3 രൂ. 4 ണ. മുൻകൂറയച്ചാൽ രജിസ്റ്റർ ബുക്ക് പോസ്റ്റായി അയയ്ക്കുന്നതാണ്.

സൽമാ (കർബലാ യുവതി)

അറബു സാഹിത്യത്തിനു മുപ്പതോളം ഇസ്‌ലാമിയ നോവൽ ഗ്രന്ഥങ്ങൾ പ്രദാനം ചെയ്തിട്ടുള്ള ഒരു വിശ്രുത ഗ്രന്ഥകാരനായ ജി. സൈദാന്റെ "ഗാദത്തു് കർബലാ" എന്ന വിശിഷ്ട ആഖ്യായികയുടെ ഒരു സ്വതന്ത്ര തർജ്ജിമയാണു് ഈ ഗ്രന്ഥം.

ഹ: അലി(റ)യുടെ വധത്തിനുശേഷം ഖിലാഫത്തു സംബന്ധമായുണ്ടായ കലാപങ്ങളും ഖലീഫായസീദിന്റെ ഭീകരവാഴ്ചയും, ഇമാംഹുസൈന്റെ ശഹാദത്തും മറ്റുമാണു് ഇതിലെ പ്രതിപാദ്യവിഷയം.

വായിക്കാൻ തുടങ്ങിയാൽ അവസാനപേജുവരെയും വായിക്കാതെ പുസ്തകം താഴത്തു വയ്ക്കുവാൻ കഴിയാത്ത വിധമുള്ള ആകർഷണീയമായ കഥാഘടനയും, ലളിതമായ ഭാഷയും ഈ ഗ്രന്ഥത്തിനു് ഒരു പ്രത്യേകതയാകുന്നു. മെച്ചമായ അച്ചടി, ഭംഗിയുള്ള കവർ.

ഒന്നാംഭാഗം	1	രൂ.	8 ണ.
രണ്ടാംഭാഗം	1	രൂ.	8 ണ.

പോസ്റ്റേജുംപ്പെടെ രണ്ടു ഭാഗത്തിനുംകൂടി മൂന്നു രൂപാ പതിനൊന്നണ മൻക്രർ അയയ്ക്കുക.

Printed at the Popular Press, Trivandrum.

3197

ഞങ്ങളുടെ മലയാള പ്രസിദ്ധീകരണങ്ങൾ

		രൂ.	ണ.
1.	ഇസ്‌ലാം ചരിത്രം (കസസുൽ അംബിയാ നാല്വ ഭാഗവും ഒന്നായി ബയൻറ ചെയ്തത്)	8	0
2.	ഇംഗ്ലീഷ് റീഡർ ഡിക്ഷ്ണറി സഹിതം	3	0
3.	മുഹമ്മദു നബി (ജീവചരിത്രം)	2	8
4.	കസീദത്തുൽബുർദ (തർജ്ജിമ)	2	4
5.	അൽഗസ്സാലി	2	0
6.	ചാർ ദർവേശ് (കഥാഗ്രന്ഥം)	1	8
7.	സൽമാ (കർബലായുവതി) 1-ാം ഭാഗം	1	8
	,, 2-ാം ഭാഗം	1	8
8.	ഉർദു മലയാളം ടീച്ചർ	1	8
9.	മുസ്‌ലിം നമസ്കാരക്രമം (പാക്കറ്റ ബുക്ക്)	1	0
10.	ഇൽമുന്നിസാ	1	0
11.	മിഅ്റാജുന്നബിയ്യി	0	12
12.	ഏഴു മുസ്‌ലിം നേതാക്കൾ	0	12
13.	റസൂൽ സന്നിധിയിലെ ദൂതൻ	0	10
14.	ഇസ്‌ലാം ബാലബോധിനി (നമസ്കാരക്രമം ചെറുത്)	0	10
15.	സൂറത്തുയാസീൻ പരിഭാഷ	0	8
16.	ഗൌസുമുഹിയിദ്ദീൻ	0	8
17.	യൂസഫാബാ	0	7
18.	ഹ: ഉവൈസുൽകർനി	0	6
19	സൂറത്തുൽകഹ്ഫിലെ മൂന്നു കഥകൾ	0	6
20.	റമസാൻ വ്രതം	0	6
21.	സൂറത്തുർ റഹ്മാൻ പരിഭാഷ	0	6
22.	ഇബ്‌ലീസിന്റെ ഡയറി	0	5
23.	ഇസ്‌ലാം സംസ്കാരം	0	5
24.	ഇസ്‌ലാമിലെ ഭക്ഷണ മര്യാദകൾ	0	4
25.	ഹ: ലുക്മാന്റെ നാല് ഉപദേശങ്ങൾ	0	4
26.	ടി: അറബു മലയാളം	0	6
27.	ശൈഖുമുഹിയിദ്ദീൻ	0	4
28.	സൽമാനുൽഫാർസി	0	4
29.	രണ്ട സൂഫിവര്യന്മാർ	0	4
30.	ഈമാൻ (ചോദ്യോത്തരം)	0	4
31.	മൌലാനാ മുഹമ്മദു അലി	0	4
32.	ഇസ്‌ലാം ബാലപാഠം	0	2
33.	ഈമാൻ ഇസ്‌ലാം അറബു മലയാളം	0	10

അൽ ഇസ്‌ലാം പബ്‌ളിഷിംഗ് ഹൌസ്,

തിരുവനന്തപുരം-2.